# ദി ഡിഫൻഡർ

Vol. No. 10 Issue No. 5 RNI Reg. No. 68089 / 97 Published From Perumbavoor 2007 MARCH 1 Price: Rs.100/- P.A.

## കെ.സി.ജോണിന്റെ ഡോ: വില 600 ഡോളർ

കെ.സി.ജോണിന് മദ്രാസിൽ നിന്നും ലഭിച്ച ഡോക്ട്രേറ്റിന്റെ ഉള്ളുകളളി വെളിച്ചത്താകുന്നു. വെറും 600 ഡോളർ കൊടുത്താൽ ഏത് പട്ടിക്കും ഈ ഡോക്ട്രേറ്റ് ലഭിക്കും. മറ്റൊരു യോഗ്യതയും ആവശ്യമില്ല.

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് എന്ന സ്ഥാപനമാണ് കെ.സി.ജോണിന് ഡോക്ട്രേറ്റ് കൊടുത്തത്. മൂന്നു ദിവസം കഴിഞ്ഞ് വൽസൻ തമ്പുരാനും കെ.സി.ജോണിന് ഡോക്ട്രേറ്റ് കൊടുത്തു. വെറും എം.ഡിവ് വരെയുള്ള ക്ലാസ്സുകൾ നടത്തുന്ന ഇന്ത്യാ ബൈബിൾ കോളേജ് കൊടുത്ത ഡോയ്ക്ക് എന്തു വിലയുണ്ടെന്ന് ഏവർക്കും അറിയാം. പക്ഷേ ചെന്നയിൽ നിന്നും ലഭിച്ച ഡോയ്ക്ക് വിലയുണ്ട് എന്ന് മിക്കവരും ധരിച്ചിരുന്നു. എന്നാൽ ഇതും ഒരു തട്ടിപ്പ് സ്ഥാപനമാണെന്ന വസ്തുത ഡിഫെൻഡർ വ്യക്തമാക്കുകയുണ്ടായി. എന്നിട്ടും ചിലർക്ക് ഇതു വിശ്വാസമായില്ല. അതുകൊണ്ട് ഡിഫെൻഡർ ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി.

ഫെബ്രുവരി 22ന് റ്റി.എസ് ബാലൻ ഈ സ്ഥാപനത്തിലേക്ക് ഒരു ഈമെയിൽ അയച്ചു. (Email: international@iicmet.org)


നല്ല അടിപൊളി ഡോക്ട്രേറ്റാ

എന്റെ പേര് റ്റി.എസ്. ബാലൻ. ചില വർഷങ്ങളായി സുവിശേഷവേല ചെയ്യുന്നു. ഞാൻ ഷാർജയിൽ നിന്നാണ് ഈ കത്ത് അയയ്ക്കുന്നത്. നിങ്ങൾ ഡോക്ട്രേറ്റ് കൊടുക്കുന്നതായി അറിഞ്ഞു. ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു.

പിറ്റേന്നുതന്നെ മറുപടി കിട്ടി. ആ കത്ത് പൂർണ്ണ രൂപത്തിൽ ഇതോടൊപ്പം ചേർക്കുന്നു. ഇംഗ്ലീഷ് അറിയാത്തവർക്കായി കത്തിന്റെ രത്നച്ചുരുക്കം:

നാളെ ചെന്നെയിൽ എത്തിയാൽ ഡോക്ട്രേറ്റ് തരാം. അതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അടുത്ത 24ന് എത്തിയാലും മതി. ആകെ 600 ഡോളർ നൽകണം.

റ്റി.എസ്.ബാലൻ ആരായാലും അവർക്ക് പ്രശ്നമല്ല. അക്ഷരാഭ്യാസമുണ്ടോ എന്നുപോലും ചോദ്യമില്ല. 600 ഡോളറും ഒരു ബയോഡേറ്റയുമായി ചെന്നാൽ ഏതാനും മണിക്കൂറിനകം ഡോക്ട്രേറ്റ് റെഡി.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനമാണ് ഐ.പി.സി എന്നാണ് പറയപ്പെടുന്നത്. ആ പ്രസ്ഥാനത്തിന്റെ ജനറൽ പ്രസിഡന്റാണ് കെ.സി.ജോൺ. മൂന്ന് ചുമ്മാ ഡോകളാണ് ഈ ശുംഭന്റെ കൈവശമുള്ളത്. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച ഈ നീചന് നാണം എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കാൻ പറ്റില്ല എന്ന് വ്യക്തമാണ്. പക്ഷേ നാണവും മാനവുമുള്ള ചിലരെങ്കിലും ഐ.പി.സിയിൽ ഉണ്ടാകുമെന്ന് തീർച്ച. അങ്ങനെയുള്ളവർ ഈ ഡോക്ട്രേറ്റ് തട്ടിപ്പിനെതിരെ പ്രതികരിക്കാത്തതെന്തുകൊണ്ടെന്ന് മനസ്സിലാകുന്നില്ല.

(നിങ്ങൾക്കും ഒരു ഡോക്ട്രേറ്റ് വേണമെന്ന് തോന്നുന്നുണ്ടോ? അല്ലെങ്കിൽ നിങ്ങളുടെ പട്ടിക്കോ പൂച്ചയ്ക്കോ ഒരു ഡോക്ട്രേറ്റ് വാങ്ങി കൊടുക്കണം എന്ന് മോഹമുണ്ടോ? എങ്കിൽ ഇതോടൊപ്പമുള്ള ഇംഗ്ലീഷ് കത്തിൽ കാണുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക).

## ബാലനും ഡോയാകാം

ഫെബ്രുവരി 24ന് മദ്രാസിൽ എത്തി 600 ഡോളർ കൊടുത്താൽ അന്നുതന്നെ ഡോക്ട്രേറ്റ് നൽകാമെന്ന് അറിയിച്ചുകൊണ്ട് ഐ.ഐ.സി.എം ഫെബ്രുവരി 23ന് ടി.എസ്. ബാലന് അയച്ച ഈമെയിലിന്റെ പ്രസക്ത ഭാഗങ്ങൾ:

Dear Brother Balan:
Greetings in the name of Jesus!

Thanks for your email. It is not clear if you have come down to India now or outside of India.

Your email is very timely in the sense that we are having a Convocation Service in our Bible College Chapel in Tambaram, Chennai on Saturday, February 24, 2007 from 2 p.m. to 5 p.m. If it is possible for you to participate in it, we can consider your request for which you should send your bio-data and photo by email either today or at least by 10 a.m. tomorrow morning.

If we approve your request, after reviewing your bio-data you have to meet the following conditions before you participate in the graduation service, to receive an Honorary Doctorate

1. Become a Life Time Member of IICM by paying U.S.$100
2. Make a contribution of U.S.$500 towards the Scholarship Fund of IICM

If you cannot make it now, we will have a Convocation Service on March 24, 2007 in Chennai or every month from May to September 2007 in our Church and Bible College in Plymouth, Pennsylvania, USA.

You may call us now through one of our cell phones or the landline.

Cell Phone Number:
Mr. Ramesh (PA to Dr. John Williams) 9940665611
Dr. John Williams-9380572718
IICM Office Landline: 91-44-22392712/22395149

You can talk to our Academic Dean Rev. Dr. Raj Kumar. We would like you to give your telephone number also to keep in touch with each other.

God Bless,
Patriarch John Williams

## പെരുമ്പെട്ടി പ്രശ്നം ഹൈക്കോടതിയിലേക്ക്

പെരുമ്പെട്ടി ഐ.പി.സിയിലെ പ്രശ്നം ഹൈക്കോടതിയിൽ എത്തുന്നു. പാസ്റ്റർ ഏബ്രഹാം ഷാജിക്ക് അനുകൂലമായി തിരുവല്ല മുൻസിഫ് കോടതിയിൽ നിന്നും ഉണ്ടായ വിധി ഐ.പി.സി നേതൃത്വം മാനിക്കാതിരിക്കയും ഗുണ്ടകളുടെ സഹായത്തോടെ ആരാധന തടസ്സപ്പെടുത്താൻ തയ്യാറാകുകയും ചെയ്ത സാഹചര്യത്തിൽ മറ്റൊരു പോംവഴിയും കാണാതെയാണ് ഏബ്രഹാം ഷാജി ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

നിസ്സാര കാര്യങ്ങൾ ഊതിപ്പെരുപ്പിച്ച് ഗുരുതരമായ പാപമായി പ്രഖ്യാപിച്ചാണ് ടി.എസ്.ഏബ്രഹാം പാസ്റ്റർ ഏബ്രഹാം ഷാജിക്കെതിരെ നടപടി എടുത്തത്. ഏബ്രഹാം ഷാജിയോടുള്ള വ്യക്തി വൈരാഗ്യം തീർക്കാനായിരുന്നു ഈ നടപടി. ഐ.പി.സിയിൽ ടി.എസ്.ഏബ്രഹാമിന്റെ തിരുവായ്ക്ക് എതിർവായ് ഇല്ലാത്തതുകൊണ്ട് മറ്റ് കുഴപ്പമൊന്നും ഉണ്ടാകില്ല എന്ന പ്രതീക്ഷയിലാണ് ഈ അന്യായമായ ശിക്ഷണ നടപടി സ്വീകരിച്ചത്. പക്ഷേ ഈ നടപടിക്കെതിരെ ഏബ്രഹാം ഷാജി കോടതിയെ സമീപിക്കുകയും കോടതി ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധി പ്രഖ്യാപിക്കയും ചെയ്തു.

കോടതിവിധി മാനിക്കയാണ് പൗരബോധമുള്ള ഏവരും ചെയ്യുക. പക്ഷേ പൗരബോധമെന്നല്ല ബോധം തന്നെ ഇല്ലാത്ത ഐ.പി.സി നേതൃത്വം ഗുണ്ടകളുടെ സഹായത്തോടെ ആരാധന തടയാൻ ശ്രമിച്ചു. അതുകൊണ്ടാണ് ഏബ്രഹാം ഷാജി ഇപ്പോൾ നീതി തേടി ഹൈക്കോടതിയിൽ എത്തിയിരിക്കുന്നത്.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിയിരിക്കുന്ന എം.പി.3 സി.ഡികൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നതാണ്. ഡി.വി.ഡി പ്ലെയർ ഉള്ളവർക്ക് ഈ സി.ഡികൾ ഉപയോഗിക്കാൻ കഴിയും. വിലയിൽ മാറ്റമില്ല. ഡി.വി.ഡി ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

## രുദ്രാക്ഷാനന്ദൻ ഗൾഫിൽ

രുദ്രാക്ഷാനന്ദൻ വീണ്ടും ഗൾഫിൽ എത്തിയിരിക്കുന്നു. ഇത്തവണ യു.എ.ഇയിലാണ് ലാന്റ് ചെയ്തിരിക്കുന്നത്.

പെന്തക്കോസ്തുകാരന്റെ വേഷം കെട്ടി നടക്കുന്ന ഈ കള്ളൻ ഏതാനും മാസം മുൻപ് ഗംഗയിൽ മുങ്ങി രുദ്രാക്ഷവും ഇട്ട് കാവിയും ഉടുത്ത് നാട്ടിലെത്തിയ സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ വാർത്ത അറിഞ്ഞതോടെ രക്ഷിക്കപ്പെട്ട ദൈവമക്കൾ ഇയാളെ കൈവിട്ടു. എങ്കിലും ഈ കാര്യങ്ങളൊന്നും അറിയാത്ത നിരവധി സാധുക്കളെ മാത്യൂസ് ഇപ്പോഴും വഞ്ചിച്ചുകൊണ്ടിരിക്കയാണ്.

യു.എ.ഇയിൽ ഈ വാർത്തയൊന്നും അറിഞ്ഞിട്ടില്ലെന്ന പ്രതീക്ഷയിലാണ് മാത്യൂസ് ഇപ്പോൾ ഇവിടെ എത്തിയിരിക്കുന്നത്. പക്ഷേ ഡിഫെൻഡർ വായിക്കുന്ന നിരവധി ആളുകൾ യു.എ.ഇയിൽ ഉണ്ട് എന്ന വസ്തുത മാത്യൂസ് അറിഞ്ഞിട്ടില്ല.



ഏതാനും ആയിരം കോപ്പികൾ മാത്രം അടിക്കുന്ന ക്രിസ്ത്യൻ ട്രിബ്യൂണിന് ലക്ഷക്കണക്കിന് കോപ്പികളുണ്ട് എന്ന് കള്ളം പറഞ്ഞ് പരസ്യം വകയിൽ ലക്ഷക്കണക്കിനു രൂപ തട്ടുകയാണ് ഇയാളുടെ സ്ഥിരം പരിപാടി. ബിസിനസ്സുകാർ, പണക്കാരായ പാസ്റ്റർമാർ തുടങ്ങിയവരാണ് മാത്യൂസിന്റെ തട്ടിപ്പിന് ഇരയാകുന്നത്.

യാതൊരു നിയന്ത്രണവുമില്ലാതെ പണം ചെലവാക്കുന്ന മാത്യൂസ് ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഭാര്യയെ ഭീഷണിപ്പെടുത്തിയും ശാരീരികമായി പീഡിപ്പിച്ചും മറ്റും ഭാര്യയുടെ മാതാപിതാക്കളിൽ നിന്നും പണം വസൂലാക്കാൻ ഒരു ശ്രമം ഇയാൾ നടത്തിനോക്കിയെങ്കിലും വിജയിച്ചില്ല. ഈ പ്രശ്നം ഇപ്പോൾ കോടതിയിൽ എത്തിയിരിക്കയാണ്. നാട്ടിൽ ഒട്ടേറെപ്പേരെ കബളിപ്പിച്ച് മാത്യൂസ് പണം തട്ടിക്കഴിഞ്ഞു. അതുകൊണ്ട് നാട്ടിൽ പിടിച്ചുനിൽക്കാൻ ആവാത്ത സ്ഥിതിയാണുള്ളത്.

യു.എ.ഇയിൽ ഉള്ള പണക്കാരെ കബളിപ്പിച്ച് കുറെ പണം കൈക്കലാക്കാൻ കഴിഞ്ഞാൽ മാത്യൂസിന് തത്ക്കാലം പിടിച്ചുനിൽക്കാം. അതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ആകയാൽ യു.എ.ഇയിലുള്ള ദൈവമക്കൾ സൂക്ഷിക്കുക.

ദി ഡിഫെൻഡർ
Vol. No.10 Issue No. 5 2007 March 1

# ദൈവവചനത്തിലേക്ക് മടങ്ങിവരുക

ദൈവസഭയുടെ അടിസ്ഥാന പ്രമാണം ദൈവവചനമാണ്. വചനവിരുദ്ധമായതൊന്നും ദൈവമക്കൾക്ക് സ്വീകാര്യമല്ല. പക്ഷേ ഇന്ന് അതല്ല സ്ഥിതി. വചനത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും തങ്ങൾക്ക് ബോധിച്ചത് സ്വീകരിക്കുക എന്ന നിലപാടാണ് ദൈവജനം സ്വീകരിച്ചിരിക്കുന്നത്. ഈ ദുഷ്പ്രവണതയുടെ ഒടുവിലത്തെ ഉദാഹരണമാണ് മഠത്തിലമ്മപ്രശ്നം.

മഠത്തിലമ്മയ്ക്കോ മഠം ചാടിയ അമ്മയ്ക്കോ എന്തു ദർശനം കിട്ടി എന്നതിനനുസരിച്ച് ദൈവസഭയുടെ വിശ്വാസാചാരങ്ങൾ മാറ്റുന്നതെങ്ങനെ? സത്യസുവിശേഷം പ്രസംഗിക്കുക എന്നതാണ് ദൈവജനത്തിന്റെ പ്രഥമവും പ്രധാനവുമായ കടമ. പക്ഷേ മഠത്തിലമ്മയുടെ ദർശനത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ടി.ജെ.ശാമുവൽ നീന്തിയിട്ടല്ലാതെ കടക്കാനാവാത്ത അനുഭവത്തേക്കുറിച്ചാണ് ഇപ്പോൾ പ്രസംഗിക്കേണ്ടതെന്ന് പഠിപ്പിക്കുന്നു. അങ്ങനെ ഒരു പ്രസ്ഥാനംതന്നെ ദുരുപദേശത്തിലേക്ക് പോകുന്നു.

പരിശുദ്ധാത്മാവിന്റെ നദിയിൽ നീന്തിത്തുടിക്കുന്ന അനുഭവം മോശമാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. പക്ഷേ അതിലും അധികം പ്രാധാന്യമുള്ള കാര്യമാണ് സുവിശേഷം പ്രസംഗിക്കുക എന്നത്. സംശയമുള്ളവർ ഒന്നാം നൂറ്റാണ്ടിലെ ദൈവദാസൻമാർ എന്താണ് ചെയ്തതെന്ന് പരിശോധിക്കുക. ആത്മാവിന്റെ നദിയിൽ നീന്തി നടന്നവരായിരുന്നു അവർ. പക്ഷേ അവർ വളരെ അപൂർവ്വമായി മാത്രമേ ഈ വിഷയത്തേക്കുറിച്ച് പ്രസംഗിക്കുകയോ എഴുതുകയോ ചെയ്തുള്ളൂ. സുവിശേഷം പ്രംസംഗിക്കുക എന്നതായിരുന്നു അവരുടെ മുഖ്യ ജോലി. സുവിശേഷം കേട്ട് രക്ഷിക്കപ്പെടുന്നവർ ആത്മീയ അനുഭവങ്ങൾ പ്രാപിക്കും എന്ന് അവർക്ക് അറിയാമായിരുന്നു.

പക്ഷേ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണ്. ഇക്കാലത്ത് സുവിശേഷമല്ല ആത്മീയ അനുഭവമാണ് പ്രസംഗവിഷയമാകേണ്ടത് എന്ന് നേതാക്കൻമാർ തന്നെ പറയുമ്പോൾ പ്രശ്നം ഗുരുതരമാകുന്നു. രക്ഷിക്കപ്പെടാത്തവർ എങ്ങനെ പരിശുദ്ധാത്മാവിനെ പ്രാപിക്കും? രക്ഷിക്കപ്പെടുക എന്നതാണ് പരമപ്രധാനമായ കാര്യം. മറ്റുള്ളതൊക്കെ പിന്നാലെ വരും. പക്ഷേ മഠത്തിലമ്മയുടെ ദർശനത്തിന് വേദവാക്യത്തേക്കാൾ അധികം പ്രാധാന്യം കൊടുക്കുന്നവർക്ക് ഇതൊന്നും അംഗീകരിക്കാൻ ആവില്ല. മഠത്തിലമ്മ പറഞ്ഞതനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ 2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമായി മാറുകയുള്ളത്രേ. ഇത് സാത്താന്യ ഉപദേശമാണെന്നതിന് രണ്ടുപക്ഷമില്ല.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

എ.ഡി.ബി എന്നാൽ ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് എന്നർത്ഥം. പക്ഷേ എ.ഡി.ബി ഏഷ്യനല്ല. പറയത്തക്ക ഡവലപ്മെന്റില്ല. ബാങ്കുമല്ല. എന്നിട്ടും നമ്മുടെ ഈ കൊച്ചു കേരളത്തിൽ എ.ഡി.ബി ഉണ്ടാക്കുന്ന പൊല്ലാപ്പ് ചില്ലറയല്ല.

യു.ഡി.എഫ് ഭരിച്ചിരുന്ന കാലത്ത് സർക്കാർ എ.ഡി.ബിയിൽ നിന്നും കുറെ പണം കടം വാങ്ങാൻ പദ്ധതിയിട്ടു. അതോടെ പ്രതിപക്ഷം ഉഷാറായി. സംസ്ഥാനത്തെ അമേരിക്കയ്ക്ക് തീറെഴുതുകയാണ് എന്നായിരുന്നു പ്രധാന ആരോപണം. ആ വകയിൽ ഒട്ടേറെ ബഹളങ്ങളുണ്ടായി. എ.ഡി.ബി പ്രശ്നമാണ് കേരളത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നം എന്ന ഭാവത്തിലായിരുന്നു കോലാഹലം.

ഇപ്പോഴിതാ അന്നത്തെ പ്രതിപക്ഷം ഭരണം നടത്തുന്നു. യാതൊരു ഉളുപ്പുമില്ലാതെ അവർ എ.ഡി.ബിയിൽ നിന്ന് വായ്പ വാങ്ങുന്നു. വ്യവസ്ഥകളിൽ മാറ്റം വരുത്തിയാണ് വായ്പ വാങ്ങുന്നത് എന്ന് പറയുന്നുണ്ടെങ്കിലും യു.ഡി.എഫ് സർക്കാർ അവസാന കാലത്ത് ഉണ്ടാക്കിയ വ്യവസ്ഥകളിൽ നിന്ന് ഒരു മാറ്റവും ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. പ്രതിപക്ഷം മാത്രമല്ല ഘടക കക്ഷികളും മുഖ്യമന്ത്രിയും വരെ ഇത് സമ്മതിക്കുന്നു. ഇതെന്തു മറിമായം?

തോക്കും വെടിയും മറ്റും പലപ്പോഴും പ്രശ്നമായിട്ടുണ്ടെങ്കിലും വെറും ഉണ്ടകളും ഉണ്ടയില്ലാത്ത വെടിയും മറ്റും പ്രശ്നമാകാമെന്ന് സഖാവ് പിണറായി വിജയൻ ഇതാ തെളിയിച്ചിരിക്കുന്നു. ചരിത്രപരമായ വിഡ്ഢിത്തം എന്നതുപോലെ മറക്കാൻ പാടില്ലാത്ത മറവിയും ഇനി ചരിത്രത്തിന്റെ ഭാഗമാകുമെന്ന് തീർച്ച. എങ്കിലും ചില സംശയങ്ങൾ അവശേഷിക്കുന്നു. തോക്കിൽ ആറ് വെടിയുണ്ടകളല്ലേ കാണേണ്ടത്? ഒരെണ്ണം എവിടെ? തിരുവനന്തപുരത്തുനിന്നും പുറപ്പെടുമ്പോൾ ഇല്ലാതിരുന്ന ഉണ്ടകൾ മദ്രാസിൽ ഉണ്ടായതെങ്ങനെ?

അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നു പറഞ്ഞതുപോലെ പിണറായി വിജയന്റെ ബാഗിൽ ഉണ്ട കണ്ടതിന് എം.വി രാഘവന്റെ പേരിൽ കേസ്സ് എടുക്കുന്നതെന്തിന്? ഒരുപക്ഷേ വൈരുദ്ധ്യാത്മക ഭൗതികവാദം എന്നു പറയുന്നത് ഇതായിരിക്കാം.

നമ്മുടെ ലീഡർക്കും പുത്രനും ഇപ്പോൾ എന്താണ് പണി? രണ്ടുപേരുടേയും ശബ്ദം ഇപ്പോൾ കേൾക്കാനേയില്ല. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപായി ഏതെങ്കിലും ഒരു മുന്നണിയിൽ കടന്നുകയറും എന്നൊക്കെ പറയുന്നുണ്ടെങ്കിലും അതൊക്കെ വെറും വ്യാമോഹം മാത്രമായി അവശേഷിക്കുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു. ഇതാകാം ഇവരുടെ മൗനവ്രതത്തിന്റെ കാരണം.

മോഡൽ പരീക്ഷയുടെ ചോദ്യം ചോർന്നത്രേ. ചോദ്യം ചോരുന്നതിന്റെ മോഡലാണിത്. അസ്സൽ പരീക്ഷയുടെ ചോദ്യം എങ്ങനെയാണ് ചോരുന്നത് എന്ന് മനസ്സിലാക്കാൻ ഇത് സഹായകമാകും. കോപ്പിയടിക്കുന്നതിനും ഇങ്ങനെ ഒരു മോഡൽ ഉണ്ടായാൽ ഏറെ നന്ന്.

ഏതെങ്കിലും ഒരു അപകടം ഉണ്ടാകുമ്പോൾ കുറെ അന്വേഷണവും ബഹളവും പ്രഖ്യാപനങ്ങളും ഒക്കെ നടക്കും. ഏതാനും ദിവസം കഴിയുമ്പോൾ എല്ലാവരും അതൊക്കെ മറക്കും. തട്ടേക്കാട് ബോട്ട് അപകടം ഉണ്ടാക്കിയ മുറിവ് അത്ര വേഗമൊന്നും ഉണങ്ങുന്നതല്ല. മനുഷ്യമനസാക്ഷിയെ ഞെട്ടിച്ചുകളഞ്ഞൂ ഈ ദുരന്തം. പക്ഷേ പതിവ് ശൈലിയിലുള്ള അന്വേഷണ വഴിപാട് നടത്തി രക്ഷപ്പെടാനാണ് സർക്കാരിന്റെ ഉദ്ദേശ്യമെങ്കിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കും.

പ്രധാന പെന്തക്കോസ്ത് കൺവെൻഷനുകളെല്ലാം കഴിഞ്ഞു. കോടിക്കണക്കിന് രൂപ ഈ വകയിൽ പൊടിച്ചു. പക്ഷേ നാം ഇതൊക്കെക്കൊണ്ട് എന്തു നേടി എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കൺവെൻഷൻ പ്രസംഗം തൊഴിലാക്കിയവരുടെ പെഴ്സിന്റെ ഭാരം വർദ്ധിച്ചു. പാട്ടുകാരുടെ ബാങ്ക് ബാലൻസും കൂടി. ആകെക്കൂടി ഒരു കോലാഹലം ഉണ്ടാക്കാനും കഴിഞ്ഞു. പക്ഷേ ആത്മീയ രംഗത്ത് എന്തെങ്കിലും പുരോഗതി ഉണ്ടായോ? എത്ര പാപികൾ മാനസാന്തരപ്പെട്ടു. വിശ്വാസികളുടെ എണ്ണത്തിൽ എന്തു വർദ്ധനവ് ഉണ്ടായി? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കണ്ടെത്താൻ പെന്തക്കോസ്ത് നേതാക്കൻമാർക്ക് നേരമില്ല, താല്പര്യവുമില്ല. വല്ലവിധേനയും കൺവെൻഷൻ സീസൺ തീർന്നു കിട്ടിയാൽ അമേരിക്കയ്ക്ക് പറക്കാം എന്ന ചിന്തയിലാണ് അവർ.

സുവിശേഷയോഗങ്ങൾ ഈ സീസണിൽ ഏറെ ഉണ്ടായില്ല. മിറക്കിൾ ക്രൂസേഡുകളായിരുന്നു ഏറെയും. ഇത്രയുമൊക്കെ കൊട്ടിഘോഷിച്ചിട്ടും ഒരു മിറക്കിളും ഉണ്ടായില്ല എന്നതാണ് ഏറ്റവും വലിയ മിറക്കിൾ. നടക്കാത്ത അത്ഭുതം നടന്നു എന്നും ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായി എന്നും പറയാനുള്ള ചങ്കൂറ്റവും അത്ഭുതംതന്നെ. ഇതൊക്കെ കണ്ട് ഹാലേലൂയ്യാ പറയാൻ ഈ ലോകത്ത് ആയിരങ്ങൾ ഉണ്ട് എന്നതും അത്ഭുതകരമാണ്.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# പെരുമ്പെട്ടി പ്രശ്നം: കോടതി പറഞ്ഞതെന്ത്?

സാത്താൻ ഭോഷ്ക്കിന്റെ അപ്പനാണെന്ന് ബൈബിൾ പറയുന്നു. അതുകൊണ്ട് സാത്താന്റെ പിടിയിൽ അകപ്പെട്ട ഐ.പി.സി നേതാക്കൻമാർ ഭോഷ്ക്കു പറയുന്നതിൽ അത്ഭുതമില്ല. പെരുമ്പെട്ടി പ്രശ്നത്തിൽ ഏബ്രഹാം ഷാജിക്ക് അനുകൂലമായി കോടതി വിധി പറഞ്ഞിട്ടും നേതാക്കൻമാർ ഭോഷ്ക്കു പറഞ്ഞ് ജനത്തെ തെറ്റിദ്ധരിപ്പിക്കുകയാണ്. വിധി ഐ.പി.സിക്ക് അനുകൂലമാണ് എന്ന മട്ടിലാണ് പ്രചരണം. അതുകൊണ്ട് ഇംഗ്ലീഷിലുളള വിധിയിലെ പ്രധാന ഭാഗങ്ങൾ മലയാളത്തിൽ എഴുതുന്നു:

1. ഏബ്രഹാം ഷാജി ഐ.പിസിക്ക് എതിരേ റാന്നി മുൻസിഫ് കോടതിയിൽ ഒരു കേസ്സ് കൊടുത്തു എന്ന ഒറ്റക്കാരണത്താലാണ് ഏബ്രഹാം ഷാജിക്കെതിരെ നടപടി എടുത്തത്. കേസ്സ് കൊടുത്തു എന്നത് അച്ചടക്ക ലംഘനമോ സ്വഭാവദൂഷ്യമോ ആയി പരിഗണിക്കാനാവില്ല.
2. ഏബ്രഹാം ഷാജിക്ക് എന്താണ് പറയാനുള്ളത് എന്നുപോലും ചോദിക്കാതെയാണ് നടപടി എടുത്തത്. ഇത് അനീതിയാണ്.
3. സ്വാഭാവിക നീതിക്ക് നിരക്കുന്ന വിധത്തിൽ ഏബ്രഹാം ഷാജിക്കെതിരെ സഭ എടുത്ത നടപടി താത്ക്കാലികമായി തടയുന്നു.
4. കോടതിയിൽ കേസ്സ് കൊടുത്ത് നീതി നേടാൻ ശ്രമിക്കുന്നത് സ്വഭാവദൂഷ്യമോ അച്ചടക്ക ലംഘനമോ അല്ല.

ഇത്രയും പറഞ്ഞിട്ട് കോടതി ഇപ്രകാരം വിധി പറയുന്നു:

"In the result, the petition is allowed and the defendants are restrained by temporary injunction from taking any further action in persuance Ex. A1 communication dated 4.9.06 against the plaintiff by temporary injunction till the disposal of the suit. The petition is allowed as above".

ഏബ്രഹാം ഷാജിക്കെതിരെ നടപടി എടുത്തുകൊണ്ട് ടി.എസ്.ഏബ്രഹാം 4.9.06ൽ അയച്ച കത്തിൽ തുടർന്നടപടി എടുക്കുന്നത് ഈ കേസ്സിന്റെ അന്തിമ വിധി വരുന്നതുവരെ തടഞ്ഞുകൊണ്ട് കോടതി ഉത്തരവിട്ടിരിക്കുന്നു. അതായത്, ഏബ്രഹാം ഷാജി കോടതിയിൽ കൊടുത്ത അപേക്ഷ അനുവദിച്ചിരിക്കുന്നു.

ഇനി പറയൂ, ജയിച്ചതാര്? ആർക്ക് അനുകൂലമായാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്? ജയം നമുക്കും സ്ഥലം മൂത്താനാർക്കും എന്നു പറഞ്ഞതുപോലെയുള്ള ജയം മതിയെങ്കിൽ ഐ.പി.സി ജയിച്ചു എന്ന് സമ്മതിക്കാം.

# കേസ്സ് കൊടുക്കുന്നത് അച്ചടക്ക ലംഘനമല്ല

പെരുമ്പെട്ടി കേസ്സിൽ തിരുവല്ല മുൻസിഫ് കോടതിയിൽ നിന്നും ഉണ്ടായിരിക്കുന്ന വിധിയിൽ ശ്രദ്ധേയമായ ഒരു നിയമപ്രശ്നം ഉൾക്കൊണ്ടിരിക്കുന്നു: സഭയ്ക്കെതിരെ കേസ്സ് കൊടുത്തു എന്നത് അച്ചടക്ക ലംഘനമോ സ്വഭാവദൂഷ്യമോ അല്ല എന്നതാണ് ആ വസ്തുത. സഭയ്ക്കെതിരെ കേസ്സ് കൊടുത്തു എന്ന മഹാപാപം ആരോപിച്ച് ആർക്കെതിരേയും നടപടി എടുക്കാനാവില്ല.

ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമായ ചട്ടങ്ങൾ ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ ബൈലോയിൽ എഴുതിച്ചേർത്താൽ അതിന് നിയമപരമായ നിലനിൽപ്പ് ഉണ്ടാകില്ല. കോടതിയിൽ കേസ്സ് കൊടുത്ത് നീതി നേടാനുള്ള അവകാശം എല്ലാ ഇന്ത്യൻ പൗരനുമുണ്ട്. അത് നിഷേധിക്കാൻ ആർക്കും കഴിയുകയില്ല. സഭാനേതാക്കൻമാരിൽ നിന്നും നീതി കിട്ടുകയില്ല എന്ന് ബോദ്ധ്യമായപ്പോൾ ഏബ്രഹാം ഷാജി കോടതിയെ സമീപിച്ചു. അതിൽ ഒരുവിധത്തിലുള്ള പാപവുമില്ല.


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER "THE DEFENDER" FORTNIGHTLY FORM IV**

| | |
|---|---|
| 1. Place of publication | : Perumbavoor |
| 2. Periodicity of Publication | : Fortnightly |
| 3. Printer's Name | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 4. Publisher'sName | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 5. Editor's Name | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 6. Name & Address of the owner | : Anish Balan Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |

I, Anish Balan, hereby declare that the particulars given above are true to the best of my knowledge and belif.

Place: Perumbavoor Sd/-
Date: 01-03-2007 Publisher


# കെ.സി.ജോൺ കേസ്സ് കൊടുത്തില്ലെന്നോ?

കെ.സി.ജോൺ വീണ്ടും കേസ്സ് കൊടുത്തു എന്നൊരു വാർത്ത കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അത് കള്ളമാണെന്നും കെ.സി.ജോൺ കേസ്സ് കൊടുത്തിട്ടില്ലെന്നും ചില തൽപ്പര കക്ഷികൾ പ്രചരിപ്പിക്കുന്നതായി അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഈ വാർത്തയ്ക്ക് ആധാരമായ രേഖ പ്രസിദ്ധീകരിക്കയാണ്. കെ.സി.ജോൺ കൊടുത്ത കേസ്സിനേപ്പറ്റി അന്വേഷിക്കുന്നതിന് തിരുവല്ല ഡി.വൈ.എസ്.പി മുൻപാകെ ഹാജരാകണം എന്ന് ഏബ്രഹാം ഷാജിയോട് പോലീസ് ഫെബ്രുവരി 10ന് ആവശ്യപ്പെടുന്നു.


പെരുമ്പെട്ടി പോലീസ് സ്റ്റേഷനിൽ നിന്നും
പെരുമ്പെട്ടി I.P.C. [illegible] ഏബ്ര-
ഹാം ഷാജിയെ [illegible] നോട്ടീസ്.
താങ്കൾ [illegible] K.C ജോൺ [illegible]
[illegible] I.P.C. [illegible]
തിരുവല്ല D.Y.S.P മുമ്പാകെ [illegible]
[illegible] നടത്തുന്നതിലേക്കായി [illegible]
10-2-07. [illegible] തിരുവല്ല D.Y.S.P.
മുമ്പാകെ ഹാജരാകണം.
[illegible]
പോലീസ് സബ് ഇൻസ്പെക്ടർ,
പെരുമ്പെട്ടി [illegible]
10-2-2007.

# വർഗീസ് മത്തായിക്കും നാണമില്ലേ?

കെ.സി.ജോണിന് നാണമില്ല എന്ന് ഏവർക്കും അറിയാം. അതുകൊണ്ട് ഏത് ആലായാലും തണൽ കിട്ടിയാൽ മതി എന്ന നിലപാട് സ്വീകരിക്കാൻ കെ.സി.ജോണിന് കഴിയും. പക്ഷേ വർഗീസ് മത്തായിയും നാണമില്ലാത്തവനായോ?

എന്താ ഇപ്പോൾ ഇങ്ങനെയൊരു സംശയം തോന്നാൻ കാരണം എന്ന് ചോദിച്ചേക്കാം. പറയാം: കെ.സി.ജോണിന് മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ട് ചുമ്മാഡോകൾ കിട്ടിയ കഥ ഏവർക്കും അറിയാമല്ലോ. നാണമെന്ന വാക്ക് ഡിക്ഷണറിയിലെങ്കിലും കണ്ടിട്ടുള്ളവർ ഇത്തരം ഡോകൾ വാങ്ങാൻ തയ്യാറാകില്ലെന്നു വ്യക്തം. പക്ഷേ ജലപ്രഭുവായ കെ.സി.ജോണിന് ഇതൊന്നും പ്രശ്നമല്ല. അങ്ങനെ ഡോകൾ വാങ്ങി.

അസ്ഥാനത്ത് ആലു കിളിർത്താൽ അതിന് ആരെങ്കിലും അഭിനന്ദനയോഗം നടത്തുമോ? കെ.സി.ജോൺ അതും നടത്തി. ചുമ്മാഡോകൾ കിട്ടിയതിന് തിരുവല്ലയിൽ വച്ച് ഒരു അനുമോദന യോഗം സംഘടിപ്പിച്ചു. ചെലവ് മുഴുവൻ വഹിക്കാൻ കെ.സി. ജോൺ തയ്യാറാകുകയും ചെയ്തു. പക്ഷേ ഒരു പ്രശ്നം: അനുമോദനയോഗം സംഘടിപ്പിക്കാൻ ഒരാള് വേണം. ഏറെ ബുദ്ധിമുട്ട് കൂടാതെ കെ.സി.ജോൺ അതിനുള്ള ആളേയും കണ്ടുപിടിച്ചു: വർഗീസ് മത്തായി.

ആരാണ് വർഗീസ് മത്തായി? ഐ.പി.സി പാസ്റ്റർമാരിൽ സാമാന്യ ബോധമുള്ള ചുരുക്കം ചിലരിൽ ഒരാളാണ് വർഗീസ് മത്തായി. പ്രജാപതിയെ ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽ നിന്നും പുറത്താക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ആളാണ് ഇദ്ദേഹം. പക്ഷേ അതൊക്കെ അന്തക്കാലം. ഇപ്പോൾ കെ.സി.ജോണിന് ചുമ്മാഡോ കിട്ടിയതിന് അനുമോദനയോഗം സംഘടിപ്പിക്കുന്ന നിലവരാരത്തിലെത്തിയിരിക്കുന്നു ഇയാൾ.

## സാമച്ചൻ വീണ്ടും ഗൾഫുകാരെ വിഡ്ഢികളാക്കി

എല്ലാവരേയും കുറേക്കാലവും കുറേപ്പേരെ എല്ലാക്കാലവും വിഡ്ഢികളാക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും വിഡ്ഢികളാക്കാനാവില്ല എന്നാണ് അറിവുള്ളവർ പറഞ്ഞുവെച്ചിരിക്കുന്നത്. സാമച്ചൻ എല്ലാവരേയും കുറേക്കാലം വിഡ്ഢികളാക്കി. ഇപ്പോൾ കുറേപ്പേരെ സ്ഥിരമായി വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്നു.

ഈയിടെ സാമച്ചൻ വീണ്ടും ഒരു ഗൾഫ് പര്യടനം നടത്തി. അത്ഭുതം, അടയാളം, പ്രവചനം, പേരുവിളിക്കൽ തുടങ്ങിയ സ്ഥിരം കലാപരിപാടികൾ ഉണ്ടായിരുന്നു. ചുക്കും ചുണ്ണാമ്പും തമ്മിലുള്ള വ്യത്യാസം അറിഞ്ഞുകൂടാത്ത ഒട്ടേറെപ്പേർ സാമച്ചനെ ദൈവത്തേപ്പോലെ സ്വീകരിച്ചു, ആദരിച്ചു. മരുഭൂമിയിൽ അദ്ധ്വാനിച്ച് ഉണ്ടാക്കിയ പണം വാരിക്കോരി കൊടുത്തു. അങ്ങനെ കുറേപ്പേരെ വീണ്ടും വിഡ്ഢികളാക്കാൻ സാമച്ചന് കഴിഞ്ഞു. ദൈവവചനം പഠിക്കാൻ ദൈവമക്കൾക്ക് മനസ്സില്ലാതായാൽ ഇങ്ങനെ പലതും നടക്കും.



# കൈവയ്പ് വന്ന വഴി

പെന്തക്കോസ്ത് സഭകളിൽ ഓർഡിനേഷൻ (കൈവയ്പ്) എന്നൊരു പരിപാടിയുണ്ട്. ഓർഡിനേഷൻ ലഭിച്ച പാസ്റ്റർ എന്നു പറഞ്ഞാൽ എന്തോ ഗംഭീര സാധനമാണെന്നത്രേ വെയ്പ്. പട്ടത്വസഭകളിലെ പട്ടം കൊടുക്കലിനു തുല്യമായ കാര്യമായാണ് ഓർഡിനേഷൻ പരിഗണിക്കപ്പെടുന്നത്.

ഏതു വചനത്തിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനേഷൻ നടത്തുന്നത് എന്ന് ചോദിച്ചാൽ വിചിത്രമായ മറുപടിയാണ് ലഭിക്കുക. എങ്കിലും ഭൂരിപക്ഷം ആളുകളും പ്രവൃ.13-ാം അദ്ധ്യായമാണ് ചൂണ്ടിക്കാണിക്കുക. പക്ഷേ അവിടെ പറയുന്ന കാര്യങ്ങളൊന്നുമല്ല പെന്തക്കോസ്ത് സഭകളിൽ നടക്കുന്നത് എന്നു മാത്രം.

എ.ഡി. നാലാം നൂറ്റാണ്ടിലാണ് ക്രൈസ്തവ സഭയിൽ ഇന്നു കാണുന്ന വിധത്തിലുള്ള പൗരോഹിത്യവും കൈവെയ്പും നിലവിൽ വന്നത്. പത്രോസാണ് സഭയുടെ തലവനെന്നും പത്രോസിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന പോപ്പാണ് പത്രോസിന്റെ പിൻഗാമിയെന്നും ഉള്ള പ്രചരണവും ഇക്കാലത്ത് ഉണ്ടായി. ഇന്നു കാണുന്ന വിധത്തിലുള്ള പൗരോഹിത്യത്തിന് അടിത്തറ പാകിയത് ഈ ഭോഷ്ക്കിലാണ്.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകാലം പ്രാദേശിക സഭകൾ സ്വതന്ത്രമായിരുന്നു. ഒരു വ്യക്തിയെ ദൈവം വേലയ്ക്കായി വിളിച്ചു എന്ന് ബോദ്ധ്യം വരുമ്പോൾ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്ന് കൈവച്ച് പ്രാർത്ഥിച്ച് ദൈവവേലയ്ക്കായി വേർതിരിച്ചിരുന്നു. ദൈവവേലയ്ക്ക് വിളിക്കപ്പെട്ട വ്യക്തിക്ക് പ്രാദേശികസഭ നൽകുന്ന അംഗീകാരമാണ് ഓർഡിനേഷൻ.

പക്ഷേ നാലാം നൂറ്റാണ്ടായപ്പോൾ ഈ സ്ഥിതിക്ക് മാറ്റം വന്നു. പ്രാദേശിക സഭകൾക്ക് സ്വാതന്ത്ര്യം നഷ്ടമായി. ആകമാനസഭയുടെ തലവൻ എന്ന നിലയ്ക്ക് പോപ്പിന് എല്ലാ അധികാരങ്ങളും ലഭിച്ചു. ക്രമേണ ഓർഡിനേഷൻ എന്നത് പട്ടം കൊടുക്കലായി മാറി.

ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ടാകാമെങ്കിലും എല്ലാ വിശ്വാസികളും സഹോദരങ്ങളാണെന്ന നിലപാടിന് മാറ്റം വന്നു. വിശ്വാസിയെന്നും പുരോഹിതനെന്നും ഉള്ള വ്യത്യാസം നിലവിൽ വന്നു. മദ്ധ്യകാലഘട്ടത്തിൽ ഈ പ്രശ്നം അതീവ ഗുരുതരമായി. മതനവീകരണത്തിനുവരെ വഴിവെച്ചത് ഇത്തരം പ്രശ്നങ്ങളാണ്.

റോമൻ സഭയിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പടപൊരുതിക്കൊണ്ട് ആരംഭം കുറിച്ച പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം പിന്നീട് റോമൻ സഭയേക്കാൾ വഷളായിത്തീർന്നു. അതുകൊണ്ട് പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിൽ തന്നെ കൂടുതൽ നവീകരണമുണ്ടായി. അത് അനുദിനം പുരോഗമിക്കുകയും ഇന്നു കാണുന്ന വിധത്തിലുള്ള പ്രസ്ഥാനങ്ങളുണ്ടാകുകയും ചെയ്തു.

മതനവീകരണത്തിന്റെ ഫലമായുണ്ടായ വിവിധ പ്രസ്ഥാനങ്ങളിൽ പെന്തക്കോസ്ത് വേറിട്ടു നിൽക്കുന്നു. ഒന്നാം നൂറ്റാണ്ടിലെ സഭയിൽ നിലനിന്നിരുന്ന വിശ്വാസാചാരങ്ങൾ അതേപടി അംഗീകരിക്കുന്നവരാണ് പെന്തക്കോസ്തുകാർ എന്നാണ് വെയ്പ്. പക്ഷേ ഏട്ടിലെ പശു പുല്ല് തിന്നാറില്ലല്ലോ. അതുകൊണ്ട് പെന്തക്കോസ്ത് ഉപദേശങ്ങൾ പ്രായോഗികമാക്കുന്നതിൽ ഏറെ പോരായ്മകൾ ഉണ്ടാകുന്നു.

എല്ലാ വിശ്വാസിയും പുരോഹിതനാണ് എന്ന് പെന്തക്കോസ്ത് സഭകൾ ഉറച്ച് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പക്ഷേ പട്ടത്വ സഭകളിലേതുപോലെ പെന്തക്കോസ്ത് സഭകളിലും വിശ്വാസി - പുരോഹിതൻ എന്ന തരംതിരിവുണ്ട്. ഓർഡിനേഷൻ കിട്ടിയ പാസ്റ്റർ പെന്തക്കോസ്തിൽ പുരോഹിതനാണ്.

പെന്തക്കോസ്തിൽ ഓർഡിനേഷൻ എന്ന പരിപാടി കടന്നുവന്നതുതന്നെ വിചിത്രമായ രീതിയിലാണ്. ഓർഡിനേഷൻ തികച്ചും ആവശ്യമാണെന്ന് കെ.ഇ.ഏബ്രഹാമിന് തോന്നി. സഭയിലെ മൂപ്പൻമാർ ചേർന്ന് കൈവച്ച് ഓർഡിനേഷൻ നടത്തുകയായിരുന്നു വേണ്ടത്. പക്ഷേ കെ.ഇ. ഏബ്രഹാം ഇവിടെ ഒരു തെറ്റു ചെയ്തു. സി.പി.എം നേതാവായ പാസ്റ്റർ പോളിനെ വരുത്തി കെ.ഇ.ഏബ്രഹാം ഓർഡിനേഷൻ വാങ്ങി. അതോടൊപ്പം മറ്റു ചിലർക്കുകൂടി ഓർഡിനേഷൻ നൽകാൻ പരിപാടി ഉണ്ടായിരുന്നെങ്കിലും കെ.ഇ.ഏബ്രഹാം അത് തന്ത്രപൂർവ്വം ഒഴിവാക്കി. അവർക്ക് കെ.ഇ.ഏബ്രഹാംതന്നെ പിന്നീട് ഓർഡിനേഷൻ നൽകി. അങ്ങനെ കെ.ഇ.ഏബ്രഹാമാണ് മറ്റുള്ളവർക്ക് ഓർഡിനേഷൻ കൊടുത്തതെന്നും കെ.ഇ.ഏബ്രഹാമാണ് വലിയവനെന്നും വന്നു. ഓർഡിനേഷന് പിൻതുടർച്ച വേണം എന്ന ആശയം പെന്തക്കോസ്തിൽ വേരൂറച്ചത് ഇങ്ങനെയാണ്.

പോളിനെ വിളിച്ച് ഓർഡിനേഷൻ നടത്തിയ കെ.ഇ.ഏബ്രഹാം പോളിന് ഓർഡിനേഷൻ കിട്ടിയത് എവിടെനിന്നാണ് എന്ന് അന്വേഷിച്ചില്ല. അന്വേഷിച്ചിരുന്നെങ്കിൽ പോളിന്റെ ഓർഡിനേഷൻ സി.എസ്.ഐയിൽ നിന്നാണ് എന്ന വസ്തുത മനസ്സിലാകുമായിരുന്നു.

ഇപ്പോൾ സ്ഥിതി ഏറെ ഗുരുതരമായിട്ടുണ്ട്. സംഘടനയുടെ നേതാവിനാണ് ഓർഡിനേഷൻ കൊടുക്കാൻ അധികാരം എന്നാണ് വിശ്വാസം. നേതാവിനെ കണ്ട് പണവും മറ്റു പലതും കൊടുത്ത് തൃപ്തിപ്പെടുത്തുന്നു. സംപ്രീതനായ നേതാവ് സ്ഥാനമോഹിയുടെ തലയിൽ കൈ വയ്ക്കുന്നതോടെ ഓർഡിനേഷൻ നടക്കുന്നു. സംഘടനയുടെ നേതാവ് കൈ വെയ്ക്കുമ്പോൾ എന്ത് അധികാരമാണ് കൈമാറി കിട്ടുന്നത് എന്ന് അറിഞ്ഞുകൂടാ.

ഇക്കാലത്ത് ഒരു വ്യക്തി പാസ്റ്ററാകുന്നത് പല കടമ്പകളും കടന്നാണ്. ബൈബിൾ കോളേജിൽ പഠിച്ച് ഇറങ്ങിയിട്ട് സുവിശേഷകനായി പ്രവർത്തനം ആരംഭിക്കുന്നു. ചില വർഷങ്ങൾ സുവിശേഷകനായി പ്രവർത്തിച്ചശേഷം ഓർഡിനേഷൻ കിട്ടി പാസ്റ്ററാകുന്നു. പാസ്റ്റർ പിന്നീട് റവയായി മാറും. അത് എപ്പോൾ സംഭവിക്കുമെന്നോ എങ്ങനെ സംഭവിക്കുമെന്നോ അറിഞ്ഞുകൂടാ. അല്പം കാശു മുടക്കി റവ ഡോ ആയെന്നും വരാം.

പണം കൊടുത്ത് പൗരോഹിത്യവും ബിഷപ്പ് പദവിയും മറ്റും നേടുന്ന ദുരാചാരം പണ്ട് കത്തോലിക്കാസഭയിൽ നിലനിന്നിരുന്നു. പണം കൊടുത്ത് പരിശുദ്ധാത്മാവിനെ വാങ്ങാൻ ശ്രമിച്ച ശീമോനോടുള്ള ബന്ധത്തിൽ ഈ പരിപാടിക്ക് സൈമണി എന്ന് പേരും ലഭിച്ചിരുന്നു. മതനവീകരണത്തിന് ഇതും ഒരു കാരണമായിട്ടുണ്ട്. പക്ഷേ കത്തോലിക്കാസഭയിൽ നിലനിന്നിരുന്നതിലും ഹീനമായ സൈമണിയാണ് പെന്തക്കോസ്തിൽ ഇന്ന് നിലനിൽക്കുന്നത് എന്ന് ദുഃഖത്തോടെ പറയട്ടെ. നല്ല സഭ കിട്ടാൻ, നല്ല സഭയിൽ നിന്ന് സ്ഥലം മാറ്റാതിരിക്കാൻ, വിദേശത്തുള്ള സഭയിൽ പാസ്റ്റർ ഉദ്യോഗം കിട്ടാൻ, അങ്ങനെ പലതിനും സഭാനേതാവിന് പണം കൊടുക്കുന്നു. സ്ഥലംമാറ്റ സീസണായാൽ നേതാവിന് കുശാലാണ്. സ്വതന്ത്രമായി നിൽക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിയിണക്കി സംഘടനയുണ്ടാക്കിയത് തെറ്റ്. സംഘടനയുടെ നേതാവിന് ഇല്ലാത്ത അധികാരം നൽകിയത് മറ്റൊരു തെറ്റ്. ഇതിന്റെയൊക്കെ ഫലമാണ് ദൈവമക്കൾ ഇന്ന് അനുഭവിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

? സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർക്ക് സമൃദ്ധിയുണ്ടാകുന്നു. ത്യാഗത്തിന്റെ സുവിശേഷവുമായി നടക്കുന്നവർ നിത്യ ദാരിദ്ര്യത്തിൽ കിടക്കുന്നു. സമൃദ്ധിയുടെ സുവിശേഷം ദൈവീകമാണെന്നതിന് തെളിവായി ഇത് സ്വീകരിക്കാമോ?

■ ഏതെങ്കിലും ഒരു സിദ്ധാന്തമോ അനുഭവമോ ദൈവീകമാണോ എന്ന് പരിശോധിക്കുന്നത് ദൈവവചനത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം. ദൈവവചനവുമായി പൊരുത്തപ്പെടാത്ത ഉപദേശങ്ങളും അനുഭവങ്ങളും നമുക്ക് സ്വീകാര്യമല്ല.

മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുക:

1. കർത്താവ് കല്പിച്ചിട്ടുണ്ടോ, അല്ലെങ്കിൽ വാഗ്ദത്തം ചെയ്തിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ പ്രാപിച്ചിട്ടുണ്ടോ, അല്ലെങ്കിൽ പ്രസംഗിച്ചിട്ടുണ്ടോ?
3. ലേഖനങ്ങളിൽ ഉപദേശമുണ്ടോ?

ഈ മൂന്നു ചോദ്യങ്ങൾക്ക് ''ഉണ്ട്'' എന്ന ഉത്തരം ലഭിക്കുന്നു എങ്കിൽ ആ ഉപദേശം അല്ലെങ്കിൽ അനുഭവം ദൈവീകമായി സ്വീകരിക്കാം. കുറഞ്ഞ പക്ഷം ഒരു ചോദ്യത്തിനെങ്കിലും അനുകൂലമായ മറുപടി ലഭിക്കുന്നുണ്ടെങ്കിൽ അത് ഒരളവോളമെങ്കിലും സ്വീകാര്യമാണ്. ചില ഉദാഹരണങ്ങൾ:

1. സ്നാനം ആവശ്യമുണ്ടോ?
-കർത്താവ് കല്പിച്ചു.
-അപ്പോസ്തലൻമാർ ചെയ്തു.
-ലേഖനത്തിൽ ഉപദേശമുണ്ട്.
അതുകൊണ്ട് സ്നാനം തികച്ചും ആവശ്യമാണ്.

2. തിരുവത്താഴം ആവശ്യമുണ്ടോ.
-കർത്താവ് മാതൃക കാണിച്ചു.
-അപ്പോസ്തലൻമാർ ചെയ്തു.
-ലേഖനത്തിൽ ഉപദേശമുണ്ട്.
അതുകൊണ്ട് തിരുവത്താഴം സ്വീകാര്യമാണ്.

3. പാദം കഴുകൽ
-കർത്താവ് മാതൃക കാണിച്ചു
-അപ്പോസ്തലൻമാർ ചെയ്തതായി വചനത്തിൽ കാണുന്നില്ല.
-ലേഖനത്തിൽ പരാമർശമില്ല.
അതുകൊണ്ട് പാദം കഴുകൽ സഭയുടെ ഉപദേശമല്ല. എങ്കിലും പാദം കഴുകുന്നത് തെറ്റല്ല.

ഈ വിധത്തിൽ പരിശോധിച്ചാൽ ഉപദേശവും ദുരുപദേശവും തിരിച്ചറിയാൻ കഴിയും.

എന്താണ് പ്രോസ്പരിറ്റി തിയോളജിക്കാർ പഠിപ്പിക്കുന്നത്? രോഗം, ദുഃഖം, പട്ടിണി, വന്ധ്യത, അപകടം തുടങ്ങിയവയെല്ലാം ശാപത്തിന്റെ ലക്ഷണമാണ്. ശാപമുക്തി ശുശ്രൂഷയിലൂടെ ഇത്തരം ശാപങ്ങൾ ഒഴിവാക്കാൻ കഴിയും. ശാപം മാറി കഴിയുമ്പോൾ ഭൗതീക അനുഗ്രഹങ്ങൾ ഉണ്ടാകും. മാറാരോഗങ്ങൾ വിട്ടുമാറും. ജോലി ഇല്ലാത്തവർക്ക് ജോലി ലഭിക്കും. വന്ധ്യകൾക്ക് കുട്ടികളുണ്ടാകും. അകാലമരണം, അപകടം തുടങ്ങിയവ ഒഴിവാകും. എല്ലാ വിധ ഭൗതീക അനുഗ്രഹങ്ങളും ഉണ്ടാകും.

ഈ സിദ്ധാന്തം ശരിയാണോ എന്ന് തിരുവചന വെളിച്ചത്തിൽ പരിശോധിക്കുക.

1. ശാപത്തിന്റെ ഫലമായാണ് രോഗവും അപകടവും ദാരിദ്ര്യവും വന്ധ്യത്വവും മറ്റും ഉണ്ടാകുന്നത് എന്ന് കർത്താവ് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇല്ലെന്ന് വ്യക്തം. (ഉണ്ടെങ്കിൽ എവിടെ?).
2. അപ്പോസ്തലൻമാർ എപ്പോഴെങ്കിലും ഇത്തരം ഒരു സിദ്ധാന്തം പഠിപ്പിച്ചിട്ടുണ്ടോ? ഇല്ല.
3. ലേഖനങ്ങളിൽ എവിടെയെങ്കിലും ഈ സിദ്ധാന്തം കാണുവാൻ കഴിയുമോ? ഇല്ല.

അതുകൊണ്ട് സമൃദ്ധിയുടെ സുവിശേഷം ''മറ്റൊരു സുവിശേഷം'' ആണെന്നു തീർച്ച. സമൃദ്ധിയുടെ സുവിശേഷത്തിന് വിരുദ്ധമായ ഉപദേശം തിരുവചനത്തിൽ ഉണ്ട് എന്നതാണ് ശ്രദ്ധേയമായ മറ്റൊരു വസ്തുത.

അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ ജാതികൾക്ക് ലഭിക്കും എന്ന വസ്തുത ചൂണ്ടിക്കാട്ടിയാണ് ചിലർ സമൃദ്ധിയുടെ സുവിശേഷം സ്ഥാപിക്കാൻ ശ്രമിക്കുന്നത്. പക്ഷേ അതും വസ്തുതകൾക്ക് നിരക്കുന്നതല്ല. അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ ജാതികൾക്ക് ലഭിക്കും എന്നതിന് സംശയമില്ല. പക്ഷേ അനുഗ്രഹം എന്ന വാക്കിന് നാം ഉദ്ദേശിക്കുന്ന അർത്ഥമല്ല ഉള്ളത് എന്നുമാത്രം. വിശദീകരിക്കാം.

അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം യിസഹാക്ക് പ്രാപിച്ചിരുന്നു. പക്ഷേ യിസഹാക്കിന് അന്ധത ബാധിച്ചു. യാക്കോബ് സ്വന്ത നിലയ്ക്കുകൂടി അനുഗ്രഹം പ്രാപിച്ചിരുന്നെങ്കിലും ഭാര്യയുടെ അകാലമരണം, മകൾക്കുണ്ടായ അപമാനം, രൂബേൻ വരുത്തിവെച്ച നാണക്കേട്, ശിമെയോനും ലേവിയും ഉണ്ടാക്കിയ പ്രശ്നം, യഹൂദയുടെ ദുർന്നടപടി, യോസേഫ് മൂലമുണ്ടായ ദുഃഖം തുടങ്ങി പലതും അനുഭവിക്കേണ്ടതായി വന്നു.

ദൈവത്തിന്റെ ഹൃദയപ്രകാരം ഉള്ളവൻ എന്ന് പേരെടുത്ത ദാവീദ് അഭിമുഖീകരിച്ച പ്രശ്നങ്ങളും ഏറെയാണ്. സ്വന്തം മകളെ അവളുടെ സഹോദരൻ ബലാൽസംഗം ചെയ്തു. അവനെ മറ്റൊരു മകൻ കൊന്നു. ആ മകനും പിന്നീട് ദാരുണമായി വധിക്കപ്പെട്ടു. അന്ത്യകാലമായപ്പോഴേക്കും ദാവീദ് തളരുകയും ചെയ്തു.

അബ്രഹാമിന്റെ അനുഗ്രഹം പൂർണ്ണ അളവിൽ പ്രാപിച്ച യേശുക്രിസ്തുവിന് ജനിക്കാൻ ഒരു സ്ഥലം ലഭിച്ചില്ല. വഴിയോരത്ത് എവിടെയോ പിറന്നുവീണു. പുൽക്കൂട്ടിൽ കിടന്നു. ജീവരക്ഷയ്ക്കായി ഓടിപ്പോകേണ്ടതായി വന്നു. ഒരു ഗുണവും എടുത്തു പറയാനില്ലാത്ത നസ്രേത്തിൽ ഒരു ആശാരിയായി ജീവിച്ചു. നികുതി കൊടുക്കാൻ പോലും പണമില്ലാതെ വിഷമിച്ചു. എല്ലാവിധ പീഡകളും സഹിച്ച് മരിച്ചു. ശിഷ്യൻമാരുടെ സ്ഥിതിയും വിഭിന്നമായിരുന്നില്ല. കർത്താവായ യേശുക്രിസ്തുവിനെ പിൻപറ്റി എന്ന കാരണത്താൽ പണക്കാരനായി മാറിയ ഒരാളെക്കുറിച്ചു പോലും ദൈവ വചനത്തിൽ കാണാൻ കഴിയുകയില്ല.

ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പ്പീൻ എന്നു പറഞ്ഞ കർത്താവ് അതിനു വിരുദ്ധമായി പിന്നീട് പറയും എന്ന് കരുതരുത്. അന്നന്നത്തെ അപ്പത്തിനായി യാചിക്കാൻ മാത്രമേ കർത്താവ് പഠിപ്പിച്ചുള്ളു. കാറിന്റെ നിറം വരെ പറഞ്ഞ് പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഉപദേശം തിരുവചനത്തിന് പുറത്താണ്.

പണം ഉണ്ടാകുന്നത് പാപമാണെന്നോ പണം ഉണ്ടാക്കുന്നത് പാപമാണെന്നോ ഈ പറഞ്ഞതിന് അർത്ഥമില്ല. ഒരുവന്റെ സാമ്പത്തികസ്ഥിതി, ആരോഗ്യം തുടങ്ങിയവയൊന്നുമല്ല അനുഗ്രഹത്തിന്റെ മാനദണ്ഡം. ജീവിതത്തിൽ ഒരു നൻമയും പ്രാപിക്കാതെ മരിച്ച ലാസർ അനുഗ്രഹിക്കപ്പെട്ടവനായിരുന്നു. ഒരു തിൻമയും അനുഭവിക്കാതെ സുഖിച്ചു ജീവിച്ച ധനവാൻ ശപിക്കപ്പെട്ടവനുമായിരുന്നു. ഇതാണ് ദൈവവചനം പറയുന്നത്. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ഈ വസ്തുത സൗകര്യപൂർവ്വം മറന്നുകളയുന്നു.

സമൃദ്ധിയുടെ ഉപദേശം പ്രസംഗിക്കുന്നവർക്ക് തീർച്ചയായും സമൃദ്ധിയുണ്ടാകും. കാരണം, അവരുടെ പ്രസംഗം കേൾക്കുന്ന സാധുക്കൾ അവർക്ക് പണം കൊടുക്കും. ഇങ്ങനെ പണം കൊടുത്താൽ നൂറു മടങ്ങായി മടക്കി ലഭിക്കും എന്നാണ് അവരുടെ ചിന്ത. പക്ഷേ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ഇങ്ങനെ പണക്കാരാകുമെങ്കിലും ഇവരുടെ പ്രസംഗം കേൾക്കുന്നവർ ദരിദ്രരാകുകയാണ് ചെയ്യുന്നത്. ആർക്കെങ്കിലും ഒരു സാമ്പത്തിക ഉയർച്ച (തികച്ചും സ്വാഭാവികമായ കാരണത്താൽ) ഉണ്ടായാൽ അത് കൊട്ടിഘോഷിക്കയും ചെയ്യും. ഈ വിധത്തിൽ സാധുക്കളെ വഞ്ചിക്കയാണ് ഈ വ്യാജ സുവിശേഷകർ ചെയ്യുന്നത്.

# വിശ്വാസത്തിന്റെ സൂത്രവാക്യം

വിശ്വാസ ദൈവശാസ്ത്രം അനുസരിച്ച് വിശ്വാസം ഒരു ബലം (Force) ആണ്. ആ അടിസ്ഥാന വസ്തുവിൽ നിന്നാണ് ഈ അഖിലാണ്ഡം നിർമ്മിക്കപ്പെട്ടത്. മാത്രമല്ല ആ ബലം ആണ് ആത്മീയ ലോക നിയമങ്ങളെ നിയന്ത്രിക്കുന്നത്.

അങ്ങനെയെങ്കിൽ നിങ്ങൾക്കു വേണ്ടി ആത്മീയലോക നിയമങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തുവാൻ കഴിയും? വിശ്വാസ പ്രസ്ഥാനക്കാരുടെ അഭിപ്രായത്തിൽ ചില വിശ്വാസ സൂത്രവാക്യങ്ങളിലൂടെ ആണ് അതു സാധിക്കുക. ഈ സൂത്രവാക്യങ്ങൾ ആത്മീയ ലോക നിയമങ്ങളെ പ്രവർത്തനക്ഷമമാക്കും എന്നു മാത്രമല്ല നിങ്ങൾക്കു വേണ്ടി പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവിനെയും അവ ഉത്തേജിപ്പിക്കും. വിശ്വാസികളുടെ ആശയാഭിലാഷങ്ങൾക്ക് ഒത്ത് തുള്ളുന്ന ഒരു ശിപായി ആയി വിശ്വാസ പ്രസ്ഥാനക്കാർ ദൈവത്തെ ഈ സൂത്രവാക്യങ്ങളിലൂടെ തരം താഴ്ത്തുന്നു.

വിശ്വാസ പ്രസ്ഥാനക്കാരുടെ തറവേലകളുടെ പേരാണ് വിശ്വാസ സൂത്രവാക്യങ്ങൾ എന്നത്. ഇക്കാരണത്താൽ ആണ് ശുഭചിന്താ പ്രസ്ഥാനം (Positive confession movement) എന്നും വിളിക്കുന്നത്. വിശ്വാസത്തിന്റേതായ പ്രസ്താവനകൾ വിശ്വാസ സൂത്രവാക്യങ്ങളെ സ്വതന്ത്രമാക്കും എന്നും അവ ആത്മീയ നിയമങ്ങളെ ഉത്തേജിപ്പിക്കും എന്നും വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാർ പഠിപ്പിക്കുന്നു. വിശ്വാസത്തിന്റേതായ ബലത്തിന് പോസിറ്റീവ് എന്നും നെഗറ്റീവ് എന്നും രണ്ടു വശങ്ങൾ ഉന്നെണ്ടും പോസിറ്റീവ് ചിന്തകൾ (ക്രിയാത്മക ചിന്തകൾ) പോസിറ്റീവ് വശത്തെ കർമ്മോന്മുഖം ആക്കും എന്നും നെഗറ്റീവ് ചിന്തകൾ (പരാജയ ചിന്തകൾ) നെഗറ്റീവ് വശത്തെ ഉത്തേജിപ്പിക്കും എന്നും അവർ പഠിപ്പിക്കുന്നു. പ്രായോഗിക അർത്ഥത്തിൽ ആത്മീയ നിയമമാണ് അഖിലാണ്ഡത്തിലെ ആത്യന്തിക ശക്തി. രണ്ടു വിധത്തിലുള്ള വിശ്വാസം എന്ന പുസ്തകത്തിൽ ഈ. ഡബ്ളിയൂ. കെന്യോൻ തറപ്പിച്ചു പറയുന്നത് നമ്മുടെ പ്രസ്താവനകൾ (വാക്കുകൾ) ആണ് നമ്മെ ഭരിക്കുന്നത് എന്നാണ്.

തന്റെ സഭാംഗങ്ങളേക്കാൾ അധികമായി അവിശ്വാസികളാണ് അവരുടെ വിശ്വാസ സൂത്രവാക്യങ്ങളിലൂടെ ഫലം അനുഭവിക്കുന്നത് എന്ന് കെന്നത്ത് ഹാഗിൻ ഒരിക്കൽ പരാതിപ്പെടുകയുണ്ടായി. വിശ്വാസത്തിലുള്ള നിങ്ങ ളുടെ വിശ്വാസം എന്ന പുസ്തക ത്തിൽ അദ്ദേഹം പറയുന്നത് പാപികളായ ഈ മനുഷ്യർ വിശ്വാ സത്തിൽ ഉള്ള തങ്ങളുടെ വിശ്വാ സം മൂലം വിശ്വാസ നിയമത്തോട് സഹകരിക്കുകയാണ് ചെയ്യുന്നത് എന്നാണ്. ആത്യന്തികമായി വിശ്വാസ സൂത്രവാക്യമനുസരിച്ച് ഈ ലോകത്തിലെ സമ്പത്ത് എല്ലാം നിങ്ങളുടെ നാവിൻ തുമ്പിലാണ് ഉൾക്കൊള്ളുന്നത്. ഇതുകൊണ്ടാണ് ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കുന്നതിനേക്കാൾ വിശ്വാസത്തിൽ വിശ്വാസം ഉണ്ടായിരിക്കണം എന്ന് ഹാഗിൻ പഠിപ്പിക്കുന്നത്. വിശ്വാസത്തിൽ എനിക്ക് വിശ്വാസമുണ്ട് എന്ന് ഉറക്കെ പറയുവാൻ തക്ക ആഴമായ വിശ്വാസം നിങ്ങളുടെ ആത്മാവിൽ ഉളവാക്കുമത്രേ. ഹാഗിൻ പറയുന്നു: "ഹൃദയത്തിൽ പതിയുന്നതുവരെ അതു നിങ്ങൾ പറഞ്ഞുകൊണ്ടേ ഇരിക്കുക. ഇതു വിചിത്രം എന്നു നിങ്ങൾക്കു തോന്നിയേക്കാം. നിങ്ങളുടെ മനസ്സ് അതിനെ എതിർക്കുകയും ചെയ്തേക്കാം. എന്നാൽ നിങ്ങളുടെ ബുദ്ധിയെക്കുറിച്ചല്ല നാം സംസാരിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിൽ ഉള്ള വിശ്വാസത്തെ കുറിച്ചാണ്."

അടുത്തതായി ഹാഗിൻ മർക്കോസ് 11:23ലേക്കു തിരിയുന്നു. "ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചു കൊണ്ട് ഈ മലയോട് നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." 23-ാം വാക്യത്തിലെ രണ്ടു കാര്യങ്ങളും കൂടെ ശ്രദ്ധിക്കുവാൻ ഹാഗിൻ പറയുന്നു. (1) ഹൃദയത്തിൽ സംശയിക്കാതെ (2) പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ട്. തുടർന്നു ഹാഗിൻ പറയുന്നു. "മറ്റൊരു തരത്തിൽ പറഞ്ഞാൽ കല്പിക്കുന്നവന് തന്റെ വിശ്വാസത്തിൽ തന്നെ വിശ്വാസം ഉണ്ട്... നിങ്ങളുടെ വാക്കുകളിൽ വിശ്വാസം ഉണ്ടായിരിക്കുക എന്നു പറഞ്ഞാൽ നിങ്ങളുടെ വിശ്വാസത്തിൽ വിശ്വാസം ഉണ്ടായിരിക്കുക എന്നാണ്".

വിശ്വാസ സൂത്രവാക്യത്തിലെ അതി പ്രധാനമായ ഘടകം നമ്മുടെ വാക്കുകളാണ്. വാക്കുകൾ സകലത്തെയും നിയന്ത്രിക്കുന്നു. നമ്മുടെ വാക്കുകളിലൂടെ ആണ് വിശ്വാസത്തിന്റെ ബലത്തെ കർമ്മോന്മുഖമാക്കുവാൻ നാം പഠിക്കുന്നത്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് വിശ്വാസ ദൈവശാസ്ത്രത്തെ പേരു പറയുക, അവകാശമാക്കുക, പരസ്യമായി പ്രസ്താവിക്കുക, പിടിച്ചെടുക്കുക, എന്നിങ്ങനെ ചുരുക്കി വിശേഷിപ്പിക്കുന്നത്. (Name it Clame it, or Blab it and Grab it)

"നിങ്ങൾക്ക് എങ്ങനെ നിങ്ങളുടെ വിധി സ്വയം നിർണ്ണയിക്കാം" എന്ന പുസ്തകത്തിലൂടെ ഹാഗിൻസ് ഈ ആശയം വിശദീകരിക്കുന്നു. (പുസ്തകത്തിന്റെ തലക്കെട്ടുതന്നെ ഒരു പക്ഷെ നിങ്ങളെ ഞെട്ടിപ്പിച്ചേക്കാം). യേശുക്രിസ്തു തനിക്കു പ്രത്യക്ഷപ്പെട്ടു എന്നും വിശ്വാസ സൂത്രവാക്യം നേരിട്ടു നൽകി എന്നും ആണ് ഈ പുസ്തകത്തിൽ ഹാഗിൻ അവകാശപ്പെടുന്നത്. യോഹന്നാൻ പത്മോസ് ദ്വീപിൽ എങ്ങനെ ആയിരുന്നുവോ അതേ അവസ്ഥയിൽ ആത്മാവിൽ താൻ ആയിരുന്നപ്പോൾ ഒരു ദിവസം ഒരു വെള്ള മേഘം തന്നെ മൂടി എന്നും താൻ അന്യഭാഷയിൽ സംസാരിക്കുവാൻ തുടങ്ങി എന്നും "യേശു എനിക്കു പ്രത്യക്ഷനാകുന്നു" എന്ന ആദ്യ അദ്ധ്യായത്തിൽ ഹാഗിൻസ് പ്രസ്താവിക്കുന്നു.

ഹാഗിൻസ് തുടർന്നു പറയുന്നു "കർത്താവായ യേശുക്രിസ്തു നേരിട്ട് എനിക്കു പ്രത്യക്ഷനായി. എന്നിൽ നിന്നും മൂന്ന് അടി ദൂരത്തിൽ അദ്ദേഹം നിന്നു." സമ്പത്ത്, ശുശ്രൂഷ, മറ്റു തത്കാല സംഭവങ്ങൾ എന്നിവയെക്കുറിച്ച് സംസാരിച്ചതിനുശേഷം ഒരു പേപ്പറും പെൻസിലും എടുക്കുവാൻ യേശു ഹാഗിനോടു പറഞ്ഞു. അതിനുശേഷം താൻ പറയുന്നത് ഒന്ന്, രണ്ട് എന്നിങ്ങനെ അക്കമിട്ടു എഴുതി എടുക്കുവാനും യേശു പറഞ്ഞു.

പിന്നീട് യേശു പറഞ്ഞു "എതു സ്ഥലത്തും ഉള്ള ഏതൊരു വ്യക്തിയും ഈ നാലു ചുവടുകൾ വെച്ചാൽ അഥവാ ഈ നാലു തത്വങ്ങൾ പ്രായോഗികമാക്കിയാൽ എന്നിൽ നിന്നോ പിതാവാം ദൈവത്തിൽ നിന്നോ അയാൾ ആഗ്രഹിക്കുന്ന എന്തും അയാൾക്കു ലഭിക്കും. അതു നിങ്ങളുടെ സാമ്പത്തികമായ ഏതൊരു ആവശ്യവും ആകാം." അതിനുള്ള സൂത്രവാക്യം ലളിതമായി പറഞ്ഞാൽ ഇതാണ്: "ആവശ്യം പ്രസ്താവിക്കുക, പ്രവർത്തിക്കുക, സ്വീകരിക്കുക, അതു പറയുക."



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.

ഒന്നാമത്തെ പടി ആവശ്യം പ്രസ്താവിക്കുക എന്നതാണ്. പോസിറ്റീവോ നെഗറ്റീവോ എന്തും ആയികൊള്ളട്ടെ, വ്യക്തിയുടെ ഇഷ്ടം അനുസരിച്ച് ആകാം. താൻ എന്തു പറയുന്നുവോ അത് അവനു ലഭിക്കും. രണ്ടാമത്തെ പടി പ്രവർത്തിക്കുക എന്നതാണ്. നിങ്ങളുടെ പ്രവൃത്തി അനുസരിച്ച് നിങ്ങൾക്കു വിജയമോ പരാജയമോ സംഭവിക്കും. നിങ്ങളുടെ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യും. മൂന്നാമത്തെ പടി സ്വീകരിക്കുക എന്നതാണ്. അതിനായി സ്വർഗ്ഗീയ ഭണ്ഡാരവുമായി (പവ്വർ ഹൗസുമായി) നാം ബന്ധം സ്ഥാപിക്കണം. അത് വിശ്വാസത്തിലൂടെ സാധ്യമാക്കാം. ദൈവത്തെ വിശ്വസിക്കുമ്പോൾ ബന്ധം സ്ഥാപിച്ചു കഴിഞ്ഞു.നാലാമത്തെ പടി മറ്റുള്ളവരും വിശ്വസിക്കേണ്ടതിന് അവരോട് അതു പറയുക എന്നതാണ്. വിശ്വാസ പ്രസ്ഥാനക്കാരുടെ ബാഹ്യബന്ധ സ്ഥാപന പരിപാടിയായി ഈ അവസാന പടിയെ വിശേഷിപ്പിക്കാം. ഹാഗിന് യേശുവിന്റെ നാവിൽ നിന്നു നേരിട്ടു തന്നെ ലഭിച്ച സൂത്രവാക്യമാണിത്.

ക്രിസ്ത്യാനികൾ ഈ സൂത്രവാക്യം ഉപയോഗിക്കണം എന്നാണ് യേശു ഉപദേശിക്കുന്നത്. കാരണം വിജയത്തിനായി യേശുവിനോടു പ്രാർത്ഥിക്കുന്നവർ തങ്ങളുടെ സമയം പാഴാക്കുകയാണത്രേ. അവർ സ്വയം അവരുടെ ഭാഗധേയം നിർണ്ണയിക്കേതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശം ക്രിസ്തുവിൽ നിന്നു നേരിട്ടു ലഭിച്ചു എന്ന് അവകാശപ്പെടുന്നു എങ്കിലും ഈ സൂത്രവാക്യത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് ഹാഗിനു ചില സംശയങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ട് അതു തെളിയിക്കുവാൻ ഹാഗിൻ യേശുവിനോട് ആവശ്യപ്പെട്ടു. ഉടനെതന്നെ യേശു ദാവീദിന്റെയും ഗോല്യാത്തിന്റെയും കാര്യത്തിലേക്ക് (1 ശമുവേൽ 17) ഹാഗിന്റെ ശ്രദ്ധ ക്ഷണിച്ചു. അതിലും തൃപ്തനാകാതെ വീണ്ടും ഹാഗിൻ സംശയം ഉന്നയിച്ചു. തുടർന്ന് ഗോല്യാത്തിന്റെ കാര്യത്തിൽ ദാവീദ് എടുത്ത നാലു പടികൾ ഇവ ആയിരുന്നു എന്ന് യേശു ഹാഗിനു ഉറപ്പുകൊടുത്തു.

ദാവീദിന്റെയും ഗോല്യാത്തിന്റെയും സംഭവം വിവരിച്ച ശേഷം യേശു പറഞ്ഞത് ശരി ആയിരുന്നു എന്ന് ഹാഗിൻ സമ്മതിക്കുന്നു. ഒരുവൻ പറയുന്നത് എന്തോ അതു സാദ്ധ്യമാക്കിത്തീർക്കുവാൻ അവനു കഴിയും എന്നും ഒരുവന്റെ ഭാഗധേയം അവനുതന്നെ നിശ്ചയിക്കാനാകുമെന്നും ദാവീദിന് അറിയാമായിരുന്നു എന്നും ഹാഗിൻസ് പറയുന്നു. തുറന്ന മനസ്സോടെ ഹാഗിന്റെ ഈ പുസ്തകം വായിക്കുന്ന ഏതൊരു വ്യക്തിക്കും ഹാഗിനു പ്രത്യക്ഷപ്പെട്ടത് നസറായനായ യേശു ആയിരുന്നില്ല എന്നു മനസ്സിലാക്കുവാൻ കഴിയും. മാത്രമല്ല ഹാഗിൻ വിവരിക്കുന്ന വിധത്തിൽ യേശുക്രിസ്തു ഒന്നും പറഞ്ഞിട്ടില്ല എന്നും ഗ്രഹിക്കുവാൻ സാധിക്കും. ഒന്നുകിൽ ഹാഗിൻ ദയനീയമായി വഞ്ചിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ മറ്റൊരു യേശു മറ്റൊരു സുവിശേഷം ഹാഗിനോട് അറിയിച്ചിരിക്കുന്നു. ( 2 കോരി 11 : 3,4) ഒന്നു തീർച്ചയാണ്. ഹാഗിന്റെ പുസ്തകം തിരുവചനം ഒഴിച്ച് മറ്റെല്ലാം വെളിപ്പെടുത്തുന്നു. ചിലപ്പോഴൊക്കെ ഹാഗിന്റെ എഴുത്തുകൾ തമാശയായി തോന്നാം. എന്നാൽ തിരുവചനസത്യങ്ങളുമായി വിദൂര ബന്ധംപോലും ഇല്ലാത്ത സൂത്രവാക്യങ്ങളെ സ്വീകരിച്ച് അനേകർ രക്ഷകനിൽ നിന്ന് അതിദൂരത്തിൽ അലഞ്ഞുതിരിയുന്ന കാഴ്ച അവയിലെ നർമ്മാംശം നഷ്ടപ്പെടുത്തുന്നു.

തന്റെ വിശ്വാസ സൂത്രവാക്യത്തെ, പ്രത്യേകിച്ച് അതിന്റെ ഒന്നാമത്തെ പടിയായ പറയുക എന്നതിനെ ന്യായീകരിക്കുന്നതിനുള്ള തന്റെ വൃഥാ ശ്രമത്തിൽ ഹാഗിൻ സദൃശവാക്യം 6:2 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിന്റെ വായിലെ വാക്കുകളാൽ നീ കുടുങ്ങിപ്പോയി, നിന്റെ വായിലെ മൊഴികളാൽ പിടിക്ക പ്പെട്ടിരിക്കുന്നു, എന്നാണ് ഈ വാക്യം. ഇതനുസരിച്ച് ശുഭകരമായ വാക്കുകൾ ഒരുവൻ ഉച്ചരിച്ചാൽ സദ്ഫലങ്ങളും പരാജയത്തിന്റെ വാക്കുകൾ ഉച്ചരിച്ചാൽ ജീവിതത്തിൽ പരാജയവും നേരിടും എന്ന് സമർത്ഥിക്കുവാൻ ഹാഗിൻ ശ്രമിക്കുന്നു. എന്നാൽ ഹാഗിൻ അവകാശപ്പെടുന്നതുപോലെ വിശ്വാസ സൂത്രവാക്യവുമായി ഈ വാക്യത്തിന് വിദൂരബന്ധം പോലും ഇല്ലെന്നും

(പേജ് 7 ............)

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# സർവ്വോദയവും വകയിലൊരു അനിയനും

**പി.ഐ.ഏബ്രഹാം (കാനം)**

പിശാച് ഇല്ലെന്നും പ്രവചനമെല്ലാം വ്യാജമെന്നും പറയുന്ന ചിലരെക്കണ്ടിട്ടുണ്ട്. അവരെക്കൊണ്ട് അങ്ങനെ പറയിക്കുന്നതുതന്നെ പിശാചാണ്. ഞാൻ വൈദികനായിരിക്കുമ്പോൾ രാവിലെ കോട്ടയം നഗരത്തിലൂടെ നടന്നു വരുകയാണ്. പാളത്തൊപ്പിയും ധരിച്ചു വെറ്റില മുറുക്കി ചുമപ്പിച്ചു തുപ്പി എനിക്കെതിരെ വന്ന പ്രാകൃതവേഷക്കാരനായൊരു വൃദ്ധൻ എന്നെച്ചൂണ്ടി വിളിച്ചു പറഞ്ഞു "ദാ, പോകുന്നു ഒരു സ്ഥാനം കളഞ്ഞു മറ്റൊരു സ്ഥാനമെടുത്ത മനുഷ്യൻ...." ഞാൻ അത്ഭുതം കൂറി. അന്നു വിശ്വാസസ്നാനമേറ്റിട്ടു ദിവസങ്ങളേ ആയിട്ടുള്ളൂ. പലരുമറിഞ്ഞിട്ടില്ല, പക്ഷേ പിശാചതറിഞ്ഞു!

വീണ്ടുമൊരോർമ്മ മനസ്സിൽ വരുന്നു. ലക്ഷണം പറഞ്ഞ് ഒരു പ്രാർത്ഥനാചക്രവുമായി വീടുകൾ കയറി പണം നേടുന്നയൊരുവൻ ഞങ്ങളുടെ വീട്ടിൽ വന്നു. പ്രാർത്ഥിക്കുന്ന ഒരു കൊച്ചു സഹോദരനും എന്റെ കൂടെയുണ്ട്. ലക്ഷണക്കാരൻ വരുന്നതിനു മുൻപു ഞങ്ങൾ ഒരു കാര്യം ആസൂത്രണം ചെയ്തു. അയാളുടെ പ്രാർത്ഥനാചക്രത്തിന്റെ ഒരു കോണിൽ നാം പണം വച്ചുകൊടുക്കണം. അതനുസരിച്ച് കൊടുക്കാനുള്ള പണം മുന്നമേ ഞാൻ കൈയിലെടുത്തു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആ പണം മനസ്സിൽ ധ്യാനിച്ചുകൊണ്ടു അയാളുടെ ചക്രത്തിന്മേൽ വച്ചു. എന്തൊരത്ഭുതം! അയാൾ ഞെട്ടിവിറച്ച് എന്നെ നോക്കിപ്പറയുകയാണ്: "നിങ്ങളുടെ പണം വേണ്ടാ, വേണ്ടാ". നിർബന്ധിച്ചിട്ടും അയാളെടുത്തില്ല. എന്തോ പിറുപിറുത്തുകൊണ്ട് അയാൾ ഇറങ്ങിപ്പോയി. ദൈവനാമം എത്ര ശക്തിയുള്ളതെന്നു പിശാചിനറിയാം. എന്നാൽ, പല മനുഷ്യർക്ക് അറിഞ്ഞുകൂടാ. ഇക്കാര്യത്തിൽ നാം പിശാചിനെക്കാൾ ഗതികെട്ടവരാണ്.

സ്നാനപ്പെട്ടശേഷം ഒരു ടൗണിലൂടെ ഞാനും ഒരു സഹോദരനും നടന്നുപോകുന്നു. സി.എസ്.ഐ. വൈദികന്റേതുമാതിരിയൊരു വേഷം ഞാനിട്ടിട്ടുണ്ട്. എന്റെ അവസ്ഥയറിയാവുന്ന ഒരു യാക്കോബായ മാന്യൻ പല്ലും കടിച്ച് ഒരു വഴിയോരഗൃഹത്തിന്റെ തിണ്ണയിലിരിക്കുന്നു. ഏറു കണ്ണിട്ടു നോക്കി അയാളിങ്ങനെ വിളിച്ചു പറഞ്ഞു: "ഇല്ലിമുളയിൽ ഇത്തിൾക്കണ്ണി പിടിക്കയില്ല". പല യുപമകളും കേട്ടിട്ടുള്ള ഞാനല്പമൊന്നു ഞെട്ടി. എന്നെപ്പറ്റിയാണ് സൂചിപ്പിച്ചതെന്നു മനസ്സിലായി. പക്ഷെ അർത്ഥം മനസ്സിലാകുന്നില്ല. കൂട്ടു സഹോദരനോടു ഞാൻ ചോദിച്ചു. തനിക്ക് എന്നെക്കാൾ വിവരമുണ്ടായിരുന്നു. അയാൾ പറഞ്ഞു: "ആ മനുഷ്യൻ പറഞ്ഞതു ശരിയാണ്. മുളയിൽ ഇത്തിൾ പിടിക്കത്തില്ല. അതായത്, പെന്തകോസ്ത് ഈ സ്ഥലത്തു ചുവടു പിടക്കില്ലെന്നു സാരം". ഞാൻ മൗനം പാലിച്ചു. എന്നാൽ ആ സ്നേഹിതൻ ഇത് പറഞ്ഞ സ്ഥലത്തിനടുത്ത് മൂന്നു രാത്രി ഒരു ഹോളിൽ പിന്നീട് ഞാൻ പ്രസംഗിച്ചു. ഒരു യോഗത്തിൽ ഒരു മനുഷ്യനെ താങ്ങിപ്പിടിച്ചു ശ്രോതാക്കളുടെ പിറകിൽക്കൊണ്ടിരുത്തുന്നതു കണ്ടു. ഒറ്റ നോട്ടത്തിൽ ആളെ മനസ്സിലായി. അന്നു ധിക്കാരം പ്രവചിച്ച മനുഷ്യനാണ്. അന്നു സിംഹം പോലെയായിരുന്നു. ഇന്നു തളർവാതം പിടിപെട്ടു മരണത്തിന്റെ വക്കിലായി. എനിക്കു വലിയ ദുഃഖം തോന്നി. ആൾ അദ്ധ്യാപകനാണ്. ഞാൻപറഞ്ഞു: "സാറെ, കസേരയിൽ കയറിയിരിക്കാം." "വേണ്ടാ, ഞാനിവിടെ താഴെയിരുന്നുകൊള്ളാം." ഞാൻ ചിന്തകളുടെ ലോകത്തായിപ്പോയി. ദൈവമേ, മനുഷ്യന്റെ തടിമിടുക്ക് ഇത്രമാത്രമല്ലേയുള്ളൂ. അതു ക്ഷീണിക്കുമ്പോൾ മനുഷ്യൻ നിലംപരിചായിത്തീരുന്നു. എന്റെ അറിവു ശരിയെങ്കിൽ, മാനസ്സാന്തരപ്പെടാതെ ആ മനുഷ്യൻ അങ്ങനെയവസാനിച്ചു.

ഞാൻ വൈദികനെന്ന നിലയിൽ ഒരു കുളത്തിൽ സ്നാനപ്പെടാൻ പരിപാടിയിട്ടിരുന്നു. പക്ഷേ അന്നവിടെയെത്താൻ ദൈവം സമ്മതിച്ചില്ല. ഒരു ബന്ധു ആളുകൂട്ടി കലഹത്തിന് ഒരുമ്പെടുകയായിരുന്നു. മറ്റൊരു ദിവസം ഞാൻ മണിമലയാറ്റിൽ കർത്താവിനെ സാക്ഷിച്ചു. പിന്നൊരിക്കൽ ദൂരെയൊരു സ്ഥലത്തു പ്രസംഗത്തിനു ചെന്നപ്പോൾ നമ്മുടെ 'വൈരിയെ' കണ്ടു. തികഞ്ഞ സ്നേഹത്തോടെ ഞാനിടപെട്ടു. അയാളും തണുത്തു. തന്റെ ഒരു ബന്ധു വീട്ടിലെന്നെ കൊണ്ടുപോയി പ്രാർത്ഥിപ്പിച്ചു. മനുഷ്യൻ എത്ര നിസ്സാരനാണെന്ന് ഇതൊക്കെയും കാണുമ്പോൾ ഞാനോർക്കുകയാണ്.

അകലെയൊരു യോഗത്തിനു ചെന്നതാണ്. ആളുകൾ അറിഞ്ഞുകേട്ടും വരുന്നു. ആ കൂട്ടത്തിലൊരാൾ പരിചയപ്പെടാൻ മുന്നോട്ടാഞ്ഞു വന്നു. തികച്ചും ലൗകിക മനുഷ്യൻ. ആകെ മുറുക്കിച്ചുവപ്പിച്ചു 'നിറകുട'മായി നിൽക്കുകയാണ്. കൂട്ടത്തിലൊരു ചോദ്യവും: "എന്നെയറിയാമോ?" ഞാൻ പറഞ്ഞു: "ഇല്ലല്ലോ, ആരെന്നു പറഞ്ഞാട്ടെ". അപ്പോൾ മറുപടി വന്നു: "ഉണ്ണുണ്ണി സാർ നമ്മുടെ വകയിലൊരു അനിയനാണ്". ഞാൻ മുഖം കൊണ്ടു ശരിവച്ചു. എങ്കിലും ഞാനോർത്തു. പാസ്റ്റർ കെ.ഇ എബ്രഹാം (ഉണ്ണുണ്ണി സാർ) ജീവിതം കർത്താവിനായി ഉഴിഞ്ഞുവച്ചു. കർത്തൃകല്പനകളനുസരിക്കാൻ നഷ്ടം സഹിച്ചിറങ്ങി. ആ മഹാന്റെ ബന്ധം പറഞ്ഞ് ഒരുവൻ അഭിമാനിക്കുന്നു. അല്ല, ഞാൻ ഓർക്കുകയാണ്, നിത്യതയിൽ കോരഹിനെ സ്വർഗ്ഗം ചോദ്യംചെയ്യുമ്പോൾ, "എന്നെ അറിയില്ലേ, ഞാൻ കോരഹ് പുത്രന്മാരുടെ അപ്പനാണ്" എന്നു മറുപടി കൊടുത്താൽ വല്ല പ്രയോജനവുമുണ്ടോ?. മറ്റൊരു വിശുദ്ധന്റെ കെയറോഫിൽ ആർക്കും ദൈവസന്നിധിയിൽ അംഗീകാരമില്ല. അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നാൽ മക്കളുടെ പല്ല് പുളിക്കുകയില്ലെന്ന് യെഹെസ്ക്കേൽ പ്രവചനത്തിലെഴുതിയതെങ്കിലും നമ്മുടെ തലമുറ വായിച്ചിരുന്നെങ്കിൽ!

ഒരു യൂണിയൻ കൺവെൻഷനാണു രംഗം. കൃപാവരങ്ങളുടേയും മറ്റും ശുശ്രൂഷയല്ല ഉപദേശപ്രഖ്യാപനങ്ങളുടെയൊരു ശുശ്രൂഷയാണ് എനിക്കുള്ളതെന്ന് അന്നും ഇന്നും തോന്നലെനിക്കുണ്ട്. അതുകൊണ്ട്, ഏതു വേദിയിലും ഉപദേശം പറയാൻ ഞാനിങ്ങനെ തിടുക്കം കൂട്ടുകയാണ്. പ്രസംഗത്തിന്റെ മുഹൂർത്തമായി. യോഗത്തിന്റെ കൺവീനർ അടുത്തു വന്നു. ചെവിയിൽ ഇങ്ങനെ പറഞ്ഞു: "വചനം നല്ല ശക്തിയായി പറയണം". എനിക്കു സംശയമായി. ഞാൻ പതുക്കെ ചോദിച്ചു: "അതെന്താണങ്ങനെ? ഞാൻ ശക്തിയായിട്ടാണല്ലോ പറയുന്നത്." അപ്പോഴല്ലേ കൂടയിലെ പൂച്ച പുറത്ത് ചാടിയത്. രക്ഷിക്കപ്പെടുന്ന വിഷയം പറഞ്ഞാമതി. സ്നാനം പറയേണ്ട എന്ന്! ഞാൻ മൗനമായിരുന്നു. പ്രസംഗം തീരാറായപ്പോൾ സൂചിപ്പിച്ചു:"കർത്താവിനെ സ്വീകരിച്ചവർ തുടർന്നുചെയ്യേണ്ട കാര്യങ്ങളുണ്ട്. ചില കാരണങ്ങളാൽ അതിവിടെ പ്രസ്ഥാവിക്കുന്നില്ല" (അല്ലാതെ ഞാനെന്തു ചെയ്യട്ടെ!)

വിശ്വാസത്തിന്റെ പ്രസംഗം പലവുരു കേട്ടിട്ടുണ്ട്. എന്നാൽ, നിറഞ്ഞ വിശ്വാസം കുറച്ചു മാത്രമല്ലേ കണ്ടിട്ടുള്ളൂ. അതിലൊരു രംഗം ഓർക്കുന്നു. ഒരു വീട്ടിൽനിന്ന് പ്രാർത്ഥിച്ചിറങ്ങുകയാണ്. ചൊറിപിടിച്ച മകനെ അമ്മ മുമ്പിൽ ഹാജരാക്കി. പ്രാർത്ഥനയ്ക്ക് മുമ്പ് ഞാൻ ചോദിച്ചു:"മോനേ, ദേഹത്തെവിടെയൊക്കെയാണ് ചൊറി?" അവൻ അവിടെയും ഇവിടെയും തപ്പി. എന്നെ എണ്ണം കേൾപ്പിച്ചു. ഞാനാശ്വസിപ്പിച്ചു: "സാരമില്ല, നമുക്ക് പ്രാർത്ഥിക്കാം". പ്രാർത്ഥന തുടങ്ങി. രണ്ടുവാചകം കഴിഞ്ഞപ്പോൾ പൊട്ടിക്കരയുന്ന ഒരു ശബ്ദം കേൾക്കാം. ഇതു കൊച്ചുമോന്റേതാണ്. "ദാ ഇവിടെയും ഒരു ചൊറിയുണ്ട്." പ്രാർത്ഥനയ്ക്ക് തടസ്സമെന്ന് പലർക്കും തോന്നിയെങ്കിലും എനിക്കതൊരു മർമ്മമായി ബോദ്ധ്യപ്പെട്ടു. നിറഞ്ഞ വിശ്വാസത്തിന്റെയൊരു പ്രകടനമായിരുന്നു അത്. ഒടുവിൽ കണ്ടുപിടിച്ച ചൊറികൂടെ 'ലിസ്റ്റിൽ' പെട്ടില്ലെങ്കിൽ സൗഖ്യമാകുകയില്ലെന്ന പിഞ്ചുഹൃദയത്തിന്റെ തുറന്നു കാട്ടലായിരുന്നു അത്. ഏതായാലും ചൊറി പൊറുത്തു. ആ പിഞ്ചു ബാലൻ ഇന്നു സഭയിൽ നല്ലയൊരു വേദാദ്ധ്യാപകനും കർത്തൃദാസനുമായി ശോഭിക്കുന്നു!

ഒരിക്കൽ പുതുപ്പള്ളിയിൽ രാത്രി പ്രാർത്ഥന കഴിഞ്ഞ് ഞങ്ങൾ കുറെ പ്രിയപ്പെട്ടവർ മണർകാട്ടേക്ക് നടന്നു പോകുകയാണ്. വഴിയിൽവച്ച് എന്റെ ചെരുപ്പിന്റെ വള്ളിപൊട്ടി. യാത്ര ദുഷ്ക്കരമായി. ചുമടുംതൂക്കി നടക്കാൻ കഴിയാതെ ഞാൻ ചെരുപ്പു കൈയിലെടുത്തു. സഹോദരങ്ങൾ നോക്കി നിൽക്കെ ഞാനതു ദൂരേക്ക് വലിച്ചെറിഞ്ഞു. എന്താണിങ്ങനെ ചെയ്തതെന്ന് ചോദിച്ചു. ഞാൻ ഫലിത രൂപത്തിൽ പറഞ്ഞു. "വചനം നിവർത്തിച്ചതാണെ"ന്ന്. "ഏതു വചനം?" "ഏദോമിൻമേൽ ഞാനെന്റെ ചെരുപ്പെറിയും?" നിഷ്കളങ്കമായി അവർ ചിരിച്ചുപോയി. ആത്മീയ ജീവിതത്തിലും നിഷ്കളങ്കമായ ഫലിതത്തിന് എന്നും പ്രസക്തിയുണ്ട്. ഒരു വിശുദ്ധനെ വെട്ടിക്കൊല്ലാൻ രാജാവ് കല്പിച്ചു. മരണംപോലും വിനോദമായി മാറ്റാൻ കരുത്തുള്ള ആ ദൈവദാസൻ വാളോങ്ങുന്ന ഭടനോട് തന്റെ താടീമീശ കൂട്ടിപ്പിടിച്ച് ചോദിക്കുകയാണ്: "എന്റെ പാവം താടീമീശ എന്തു കുറ്റം ചെയ്തു. ദയവായി അതിനെ വിട്ടേക്കുക...." സാമാന്യ ജനങ്ങൾ ജീവിതത്തെപ്പോലും മരണമാക്കുമ്പോൾ അസാമാന്യരായ കുറെപ്പേർ മരണത്തെപ്പോലും ജീവിതമാക്കിമാറ്റുന്നു.

എന്റെ സ്നാനശേഷം സഹവൈദികരെ കാണുമ്പോൾ ഞാൻ ഓടി ഒളിക്കാറില്ലായിരുന്നു. നല്ല ഹൃദയമുള്ള പലരോടും ഞാൻ ചുരുങ്ങിയ വാക്കുകളിൽ എന്റെ പ്രവൃത്തിയെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ഒരു വൈദികൻ പറഞ്ഞു: "നിങ്ങളൊക്കെ ഭാഗ്യമുള്ളവർ". മറ്റൊരാൾ സ്വന്തം കുപ്പായത്തിൽ നുള്ളിപ്പിടിച്ചുകൊണ്ട് പറഞ്ഞത്: "ഇതിട്ടുപോയി, എന്തു ചെയ്യാം." ഞാൻ മറുപടി കൊടുത്തു "ഇതിട്ടുപോയിട്ടും എനിക്ക് തടസ്സമായില്ലല്ലോ...." സത്യമറിയാവുന്ന പലരും പലവിധ ന്യായങ്ങളുന്നയിച്ച് തടതപ്പുകയാണ്. എന്നാൽ നിഴലില്ലാത്ത ലോകത്തിൽ ആ മഹാവെളിച്ചപ്രഭയിലല്ലാത്തവർ എന്തുചെയ്യുമോ ആവോ?

മരണത്തിന്റെ വെല്ലുവിളികൾ പല യോഗങ്ങളിലും എന്റെ കാതിൽ വീണിട്ടുണ്ട്. അവിടുത്തെ കാർമേഘങ്ങളെല്ലാം ദൈവം അടിച്ചു മാറ്റിയതിനാൽ അധികം ദോഷം ഭവിക്കാതിരുന്നിട്ടുമുണ്ട്. ഒരു രംഗമോർക്കുന്നു. മണക്കാലാ ചന്തയാണ് സ്ഥലം. അടൂരിലെത്തിയപ്പോഴേ വിവരമറിഞ്ഞു. വലിയ ബഹളമാണ്. തിരിച്ചുപോകുന്നതാണ് ഭംഗി. പറഞ്ഞവരോട് ഞാൻ പറഞ്ഞു: "പാടില്ല, വിളിച്ചവരെ നേരിൽ കണ്ടിട്ടാവാം." യോഗസ്ഥലമടുത്തു. ഒരു നോട്ടീസ് കൈയ്യിൽകിട്ടി: "അന്തിക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുന്നു, കാനത്തു നിന്നും തേങ്ങലിൽ നിന്നും..." (അന്നു തേങ്ങലിലച്ചൻ ഉണ്ട്). ഞങ്ങൾ അന്ത്യകാലത്തുണ്ടായിയെന്നാണ്. ലഘുലേഖ കൈയിൽ വച്ചുകൊണ്ടു ഞാൻ സ്റ്റേജിൽ കയറി. ഒരു വേദവാക്യം വായിച്ചു. പ്രസംഗം തുടങ്ങി. ജനസമുദ്രത്തിൽ നിന്നു വിളികൾ മുഴങ്ങി. "ഞങ്ങൾക്കു സുവിശേഷം കേൾക്കേണ്ടാ, സഭ വിട്ടതിന്റെ കാരണം കേട്ടാൽ മതി." അതൊരു രംഗമായിരുന്നു. ഞാൻ കൃപയിൽ ആശ്രയിച്ചു ജനത്തോടിങ്ങിനെ പറഞ്ഞു: "മറുപടി പറയാം. പക്ഷേ, എന്റെ ചോദ്യത്തിനു നിങ്ങളും മറുപടി പറയണം. എന്നോട് ചോദിച്ചിരിക്കുന്നു എന്തിന് സഭ വിട്ടുവെന്ന്. നമ്മുടെ നാട്ടിൽ സി.എസ്.ഐ., മാർത്തോമ്മാ, കത്തോലിക്കാ, യാക്കോബായ ഇങ്ങനെ പല സഭകളുണ്ട്. ഇതെല്ലാം ശരിയായ സഭയാണോ? ഇവയിൽ ശരി സഭയേതാണെന്ന് പറയാമെങ്കിൽ വിട്ടതിന്റെ കാരണം ഞാൻ പറയാം." അന്തരീക്ഷം മൂകമായി. ആരോ വിളിച്ചു പറഞ്ഞു: "അങ്ങു പറഞ്ഞേരോ." ഞാൻ ചുരുക്കത്തിൽ, കല്പനയനുസരിച്ചതിന്റെ സാക്ഷ്യം പറഞ്ഞു. തുടർന്ന്, ഞങ്ങളെ അന്തിക്രിസ്തുക്കളാക്കിയതിന്റെ കാര്യം ഞാനുന്നയിച്ചു. ഞങ്ങൾ സ്നാനമേറ്റ സമയത്തു തന്നെ ചില ബിഷപ്പുമാരെ വാഴിച്ചകാര്യം ഞാനോർമ്മിപ്പിച്ചു. അവരും അന്ത്യകാലത്താണ് സ്ഥാനമേറ്റത്. ഞാനിങ്ങനെയപേക്ഷിച്ചു: "ദയവു ചെയ്ത് നിങ്ങളുടെ അദ്ധ്യക്ഷന്മാരെയെങ്കിലും നിങ്ങൾ അന്തിക്രിസ്തുക്കളായി ചിത്രീകരിക്കരുതേ". എങ്ങനെയോ ബഹളമെല്ലാം ശാന്തമായി. നല്ല യോഗവും നടന്നു. ചുരുക്കത്തിൽ, നമ്മുടെ ജനത്തിന് അന്ത്യകാലവും അറിയത്തില്ല. അന്തിക്രിസ്തുക്കളെയും അറിയത്തില്ലയെന്നെനിക്കു ബോദ്ധ്യമായി. വെറുതെ ഓരോരോ രംഗങ്ങളിൽ ആവേശം കൊള്ളുന്നു. അത്രമാത്രം. ആവേശത്തിന്റെ കാരണം ചോദിച്ചാൽ ചോദിച്ചിട്ടു പറയാമെന്നമട്ടാണ്.

വീണ്ടുമോർക്കുന്നു, കോട്ടയത്തിനടുത്ത് ഒരു വൈദികൻ പ്രസംഗിക്കുന്നു. "റോമാ സഭയേ, നിനക്കു രക്ഷയില്ല" എന്നതാണ് ഇദ്ദേഹത്തിന്റെ സ്ഥിരം പ്രസംഗവിഷയം. പക്ഷേ, പെന്തെക്കോസ്തുക്കാരെ എതിർക്കാൻ നടത്തിയ ഈ യോഗത്തിൽ കത്തോലിക്കരോടൊപ്പം കൂടിയിരിക്കയാണ്. ഈ യോഗത്തിലേക്ക് ഒന്നുരണ്ടു ചോദ്യങ്ങൾ എഴുതിക്കൊടുക്കണമെന്നു നമ്മുടെ ചില സ്നേഹിതരാവശ്യപ്പെട്ടു. കത്തോലിക്കരുടെ സിംഹാസനത്തിൽ ഒരു പെൺപാപ്പ ഭരിച്ചെന്നും അവൾ ഒരു കുഞ്ഞിനെ പ്രസവിച്ചെന്നുമൊക്കെ നാടകീയമായി പ്രസംഗിക്കുന്നത് പതിവാക്കിയ ഈ അച്ചനോടായിരുന്നു ചോദ്യം. "അച്ചൻ ഇങ്ങനെ പ്രസംഗിക്കാറുണ്ടല്ലോ, അതു ശരിയോ?" ഇതായിരുന്നു ചോദ്യം. ചോദ്യം കിട്ടിയപ്പോൾ തന്ത്രജ്ഞനായ അച്ചൻ അപകടം മണത്തറിഞ്ഞു: "ഇപ്പോൾ അതിനു മറുപടി പറയുന്നില്ല"യെന്ന ഭാവത്തിൽ തല്ക്കാല 'ഐക്യ'ത്തിനു കേടുവരുത്താതെ സൂക്ഷിച്ച് മാറി. അങ്ങനെ പെന്തക്കൊസ്തു വിരോധം പാതിരാവരെ പ്രസംഗിച്ചു. വ്യാജം പറഞ്ഞു ദീർഘനാൾ പ്രസംഗിച്ച ആ വൈദികൻ മരണക്കിടക്കയിൽ അബോധാവസ്ഥയിൽ കിടക്കുന്ന കാഴ്ച പിന്നീടൊരിക്കൽ ഞങ്ങൾ പോയിക്കണ്ടു. ഒരു നൂറുകൂട്ടം ചിന്തകൾ മനസ്സിൽക്കൂടിക്കടന്നുപോയി. ന്യായവിധിയുണ്ടെന്നുള്ളതു ജീവിതകാലം മുഴുവൻ ഓർക്കുന്നതു നന്നാണ്.

ഞങ്ങളുടെ ദേശത്ത് ഒരു വിചിത്രസ്വഭാവമുള്ള മനുഷ്യനുണ്ടായിരുന്നു. കണ്ടാലുടൻ ചിരിയാണാദ്യം പിന്നീടെന്തെങ്കിലും പറയും. ഒരിക്കൽ വഴിയിൽവച്ചു കണ്ടു; "വല്ല്യപ്പാ, എന്തുണ്ടു വിശേഷം" എന്നു ചോദിച്ചു: "ഒരു മീറ്റിങ്ങു കേട്ടിട്ടുവരുകയാണ്". എന്തു മീറ്റിങ്ങെന്നു ചോദിച്ചു: "ആ, സർവ്വോദയത്തിന്റെ മീറ്റിങ്ങെന്നാണു പറഞ്ഞത്." ഞാൻ ചോദിച്ചു. "എന്താ ഈ സർവ്വോദയം?" കിട്ടിയ മറുപടി ബഹുവിചിത്രം: "സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാംകൂടെ ഒന്നിച്ചുദിച്ചതാണ് എന്നാരോ പറയുന്നതു കേട്ടു."

പണ്ടൊരു വല്ല്യമ്മച്ചിയോടു ഞങ്ങൾ സുവിശേഷം പറഞ്ഞു. കേട്ടുതീരുംവരെ ശാന്തമായിരുന്നു. മൗനം സമ്മതമാണെന്നു ധരിച്ചു. ഒടുവിൽ ചോദിച്ചു: "അമ്മച്ചീ സത്യമറിഞ്ഞല്ലോ, ഇനിയെങ്കിലും സത്യത്തിനായി ഇറങ്ങാമോ?" ദൈവം അനുഗ്രഹിക്കും." അമ്മച്ചിയുടെ മറുപടി: "എന്റെ മക്കളേ, മക്കളു പറഞ്ഞ കാര്യമൊക്കെ ശരിയാ, വന്നിട്ടും പോയിട്ടും ഇനിയെനിക്ക് എത്ര നാളുണ്ടെന്നാർക്കറിയാം. എനിയിപ്പോ ഒറ്റയാഗ്രഹമേയുള്ളൂ. അപ്പച്ചൻ കിടക്കുന്ന കല്ലറയുടെയടുത്തു പോയിക്കിടക്കണം. അല്ലാതെ മറ്റൊന്നുമില്ല." ഞങ്ങൾ സംഭാഷണം നിർത്തി പോരുമ്പോൾ, ഞാൻ സഹോദരങ്ങളോടു പറഞ്ഞു: "വല്ലതുമൊന്നു മിണ്ടാനോ പറയാനോ അപ്പച്ചൻ അടുക്കലുണ്ടെന്നുള്ള ചിന്തയാണ് അങ്ങനെ അവരെക്കൊണ്ട് പറയിച്ചത്." പക്ഷേ, ആയിരം മൃതശരീരങ്ങളുടെ നടുക്കു കിടന്നാലും ഒരു മനുഷ്യാത്മാവിന് അവിടെ കൂട്ടായ്മ ലഭിക്കുകയില്ലെന്ന സത്യം ദൈവപരിജ്ഞാനമുള്ളവർക്കല്ലേ ഗ്രഹിക്കാൻ കഴിയുകയുള്ളു?

(അച്ചനോടൊപ്പം എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനം. പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 80 രൂപ മണിയോഡർ അയച്ച് ആവശ്യപ്പെടുക)

**Emmanuel Publications,**
No. (48) 12, West Mada St.,
Nungambakkam, Chennai.
Tamil Nadu - 600 034

Phone: (R) 044-28250887, (O) 044-42174490

# വിശ്വാസത്തിന്റെ സൂത്രവാക്യം ......പേജ് 5

വാക്കുകൾക്ക് എന്തെങ്കിലും ശക്തിയുണ്ട് എന്ന് അർത്ഥമില്ല എന്നും വ്യക്തമാണ്. 6:1നോടു ബന്ധപ്പെടുത്തി വേണം ഈ വാക്യം പരിശോധിക്കുവാൻ. ഒരുവൻ മറ്റൊരു വ്യക്തിയുമായി ഒരു കരാറിൽ ഏർപ്പെട്ടാൽ ആ ഉടമ്പടി നിറവേറ്റുവാൻ ബാദ്ധ്യസ്ഥനാണ് എന്ന് മാത്രമാണ് ശലോമോൻ ലളിതമായി ഇവിടെ പ്രസ്താവിക്കുന്നത്. ഒരുവനുവേണ്ടി ജാമ്യം നിന്നാൽ അവന്റെ കടത്തിന് ജാമ്യക്കാരൻ ഉത്തരവാദി ആകുമെന്നും പിന്നീട് പശ്ചാത്തപിക്കേണ്ടി വരും എന്നുമാണ് ശലോമോൻ പറയുന്നത്. അങ്ങനെ നിങ്ങളുടെ വാക്കുകളാൽ (ഉടമ്പടിയാൽ) നിങ്ങൾ പിടിക്കപ്പെട്ടിരിക്കുന്നു (ഉത്തരവാദി ആയിരിക്കുന്നു) എന്നു സാരം.

തികച്ചും യുക്തി രഹിതമായ മറ്റൊരു നിഗമനത്തിൽ എത്താൻ ചാൾസ് ക്യാപ്സ് ഇതേ വേദഭാഗം ഉപയോഗിക്കുന്നു. തങ്ങൾ പറയുന്നതു തന്നെ (ഉച്ചരിക്കുന്ന വാക്കുകൾക്ക് അനുസരിച്ചുള്ള ഫലം) അവർക്കു ലഭിക്കും എന്ന് വായനക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ ക്യാപ്സ് ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ് That Just tickled me to death, I am just dying to do that എന്നിവ. മരണം എന്ന വാക്ക് ഏതെങ്കിലും അവസരത്തിൽ ഉച്ചരിക്കുന്നവൻ മരണത്തോട് ചങ്ങാത്തം സ്ഥാപിക്കുകയും മരണത്തെ വിളിച്ചു വരുത്തുകയും ചെയ്യുന്നു എന്നാണ് ക്യാപ്സിന്റെ കണ്ടെത്തൽ. ആദാം ഇക്കാര്യത്തിൽ സമർത്ഥൻ ആയിരുന്നത്രേ. അതുകൊണ്ട് പിശാചിന് അവനെ കീഴ്പ്പെടുത്തുവാൻ 900 വർഷം വേണ്ടി വന്നു. എന്നാൽ ആധുനിക മനുഷ്യരുടെ ഇത്തരം ഭാഷാ പ്രയോഗങ്ങൾ വഴി അവർ 70 വർഷത്തിനുള്ളിൽ തങ്ങളെത്തന്നെ കൊല്ലത്തക്ക നിലയിൽ പിശാച് മനുഷ്യന്റെ ഭാഷയിൽ തക്ക പ്രയോഗങ്ങൾ കടത്തി വിട്ടിരിക്കുന്നു എന്ന് ക്യാപ്സ് പറയുന്നു.

ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തിക്കാതെയുള്ള ഇത്തരം വ്യാഖ്യാനങ്ങൾ ഒരു ചോദ്യം ഉയർത്തുന്നു: തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും, അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും എന്ന് സങ്കീർത്തനം 91:4ൽ പറഞ്ഞിരിക്കുന്നതുകൊണ്ട് ദൈവം ഒരു പിടക്കോഴി ആയിത്തീരുമെന്ന് ക്യാപ്സ് കരുതുമോ? മാത്രമല്ല എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു എന്നു ഗെത്ത്ശെമന തോട്ടത്തിൽ വെച്ച് യേശുക്രിസ്തു പറഞ്ഞപ്പോൾ അദ്ദേഹം മരണവുമായി ചങ്ങാത്തം കൂടുക ആയിരുന്നോ? (മത്തായി 26:28)

നിർഭാഗ്യവശാൽ ക്യാപ്സ് മാത്രമല്ല ഹാഗിൻസിന്റെ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായിട്ടുള്ള വിശ്വാസ പ്രസ്ഥാന ഗുരു. ഡാഡ് ഹാഗിൻ (ചിലപ്പോൾ അദ്ദേഹം അങ്ങനെയാണ് വിളിക്കപ്പെടുന്നത്) അനുയായികളുടെ ഒരു പടയെത്തന്നെ വാർത്തെടുത്തിട്ടുണ്ട്. അവരിൽ ഒരുവനാണ് നോർവെൽ ഹയ്സ്. ക്രിസ്തീയ ടെലിവിഷനിൽ ഇന്നുവരേയും ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും യുക്തിരഹിതമായ ഒരു പരിപാടിയിൽ - അതായത് ഹേയ്സും ജാനും പോളും തമ്മിലുള്ള ഒരു അഭിമുഖ സംഭാഷണത്തിൽ യേശുക്രിസ്തുവുമായി താനും നേരിട്ടു സംഭാഷണം നടത്തിയിട്ടുണ്ട് എന്നും ആ സംഭാഷണത്തിൽ വിശ്വാസ സൂത്രവാക്യത്തിന്റെ താക്കോൽ തനിക്കും ലഭിച്ചു എന്നും ഹയ്സ് അവകാശപ്പെടുന്നു.

ഹാഗിനെപ്പോലെതന്നെ ഹയ്സിനും ശരീരം വിട്ടുപോകുന്ന അനുഭവം ഉണ്ടായിട്ടുത്രെ. അങ്ങനെ ഒരവസരത്തിൽ ഒരു വെണ്മേഘത്തിൽ ഹേയ്സിനെ യേശുവിന്റെ സമീപത്തേക്കു കൊണ്ടു പോയി. അവിടെ എത്തിയ ഉടനെ ഹേയ്സിന്റെ മകളുടെ ശരീരത്തിലെ ചില വളർച്ചകളെക്കുറിച്ച് യേശു ഹേയ്സിനോടു ചോദിക്കുവാൻ തുടങ്ങി. ആ വളർച്ചയുടെ മൂലകാരണത്തെ ശാസിച്ച് പുറത്താക്കുവാൻ ഹേയ്സിനു കഴിയാതിരുന്നതിൽ യേശു ദുഃഖിതനായിരുന്നു. യേശു ഹയ്സിനോട് ഇങ്ങനെ പറഞ്ഞു: "ഹാഗിൻ എന്റേത് ആയിരിക്കുന്നതുപോലെതന്നെ നീയും എനിക്കുള്ളവൻ ആണ്. യേശുവിന്റെ നാമത്തിൽ കെന്നത്ത് ഹാഗിൻസിനു ചെയ്യുവാൻ കഴിയുന്നത് ഒക്കെയും നിനക്കും ചെയ്യുവാൻ സാധിക്കും." ഇങ്ങനെ പറഞ്ഞു കൊണ്ടു വിശ്വാസ സൂത്രവാക്യം ഹേയ്സിനും യേശു കൊടുത്തു. ഹേയ്സിന്റെ ഭാഷ്യം അവ്യക്തമാണെങ്കിലും ഉള്ളടക്കം ഹാഗിന്റേതിനു സമം ആയിരിക്കുന്നു.

രോഗത്തെ ശാസിക്കുകയോ ശപിക്കുകയോ ആയിരുന്നു ആദ്യം ഹേയ്സ് ചെയ്യേണ്ടിയിരുന്നത്. സ്വർഗ്ഗത്തിൽവെച്ച് ഹേയ്സ് ഒരു കാര്യം പഠിച്ചു: അതനുസരിച്ച് നിങ്ങളുടെ പ്രശ്നങ്ങൾ യേശുവിനോട് പറയേണ്ടതില്ല, പകരം നിങ്ങളുടെ പ്രശ്നങ്ങൾ നീങ്ങിപ്പോകുവാൻ നേരിട്ട് അവയോടു കല്പിച്ചാൽ മതി. അവ അപ്രത്യക്ഷമാകും. യഥാർത്ഥ സ്ഥിതി എന്തായാലും സംശയിക്കാതെ വിശ്വസിക്കണം. ഹേയ്സ് പറയുന്ന കഥ അനുസരിച്ച് യേശു രണ്ടാമതായി പറഞ്ഞത് 40 രാവും 40 പകലും സംശയിക്കാതെ താൻ വിശ്വസിച്ചു. ഈ അനുഭവത്തിനു ശേഷം ഹേയ്സ് പ്രതീക്ഷിച്ചിരുന്നതു സംഭവിച്ചു. തന്റെ പുത്രി സോണയുടെ ശരീരത്തിൽ ഉണ്ടായിരുന്ന വളർച്ചകൾ നിമിഷാർദ്ധത്തിൽ അപ്രത്യക്ഷമായി.

ഹേയ്സ് തന്റെ കഥ അവസാനിപ്പിച്ചതോടെ റ്റി.ബി.എൻ. സ്റ്റുഡിയോയിൽ കയ്യടിയുടേയും ആഹ്ലാദത്തിമിർപ്പിന്റേയും ശബ്ദം ഉയർന്നു. ഹാഗിന് ഉണ്ടായതായി പറയപ്പെടുന്ന ഒരു അനുഭവത്തെക്കുറിച്ച് അതേ കൂടിക്കാഴ്ചയിൽത്തന്നെ, അല്പസമയത്തിനു ശേഷം പോളിനോടും, ജാൻ ക്രൗച്ചിനോടും ഹേയ്സ് പറഞ്ഞു. ആ കഥ അനുസരിച്ച് ഹാഗിന്റെ 50 വയസ്സുള്ള സഹോദരിയെ മരണത്തിന്റെ വക്കോളം എത്തിച്ച ക്യാൻസർ ബാധയിൽ നിന്ന് യേശു വിടുവിച്ചു. അതിനു ശേഷം തന്റെ വിശ്വാസം കെട്ടിപ്പടുക്കുന്നതിന് അവൾക്ക് 5 വർഷം അനുവദിച്ചു കൊടുക്കുകയും അതിൽ പരാജയപ്പെട്ടാൽ മരിച്ചു പോകുമെന്നു യേശു പറയുകയും ചെയ്തു. അഞ്ചു വർഷം കടന്നു പോയി എങ്കിലും ഹാഗിന്റെ സഹോദരിക്കു വിശ്വാസ പേശി വേണ്ടവണ്ണം വികസിപ്പിക്കുവാൻ കഴിഞ്ഞില്ല. അവൾ മരണത്തിന് അടിമപ്പെടുകയും ചെയ്തു.

ഈ കഥ ഉളവാക്കുന്ന ആശയക്കുഴപ്പം ശ്രദ്ധിക്കൂ. ശരീരം വെളിപ്പെടുത്തുന്ന സ്ഥിതി അനുസരിച്ച് സൗഖ്യം വന്നിട്ടില്ല എങ്കിലും സൗഖ്യം അവകാശപ്പെടുവാൻ ഒരു വശത്തു നമ്മെ പ്രബോധിപ്പിക്കുന്നു. അപ്പോൾത്തന്നെ സൗഖ്യം ലഭിച്ചാലും നമ്മുടെ വിശ്വാസത്തിന് ഉലച്ചിൽ തട്ടിയാൽ രോഗം വീണ്ടും പ്രത്യക്ഷപ്പെടും എന്നും പറയുന്നു. ഇത് ചെകുത്താനും ചെങ്കടലിനും ഇടയ്ക്ക് എന്ന അവസ്ഥയിൽ നിങ്ങളെ എത്തിക്കുന്നില്ലേ?

വളരെ മെയ്‌വഴക്കത്തോടെ രക്ഷപ്പെടുവാൻ വിശ്വാസ പ്രസ്ഥാനക്കാരെ ഇതു സഹായിക്കുന്നു എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളുടെ നിർദ്ദേശം പരീക്ഷിച്ചു നോക്കി, എന്നാൽ വിജയിച്ചില്ല എന്നു അവരോടു പറഞ്ഞാൽ നിങ്ങളുടെ വിശ്വാസം ഇല്ലായ്മ കൊണ്ടാണ് എന്നു പറഞ്ഞു തടിതപ്പും. നിങ്ങൾക്കു പൂർണ്ണമായ വിശ്വാസം ഉണ്ടെങ്കിലേ രോഗസൗഖ്യവും ലഭിക്കൂ എന്ന് കാപട്യം നിറഞ്ഞ ചിരിയോടെ പ്രസ്താവിക്കുകയും ചെയ്യും. നിങ്ങൾക്കു രോഗ സൗഖ്യം ലഭിച്ചു എന്നും പിന്നീട് അതു നഷ്ടപ്പെട്ടു എന്നും പറഞ്ഞാൽ അപ്പോഴും നിങ്ങളുടെ അവിശ്വാസത്തെ പഴിചാരി രക്ഷപ്പെടും. എത്ര സൗകര്യപ്രദമായ അഭ്യാസം.

ഹാഗിനും ബെന്നിഹീനും ഹിക്കിയും ഹേയ്സും മറ്റു വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരും പഠിപ്പിക്കുന്നത് പൂർണ്ണമായും തെറ്റായിരിക്കാം. എന്നാൽ ഇത്ര നിശിതമായ ഭാഷയിൽ അതിനെ വിമർശിക്കുവാൻ എനിക്ക് എന്ത് അധികാരം എന്ന് നിങ്ങൾ ചോദിച്ചേക്കാം. അധികാരമുണ്ട് എന്നതാണ് എന്റെ ശക്തമായ മറുപടി. ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ബലികഴിക്കപ്പെടുമ്പോൾ അതിന് എതിരെ ശക്തമായ നടപടികൾ ആവശ്യമാണ്. പിശാചിന്റെ മകനേ, സകല നീതിയുടെയും ശത്രുവേ, എന്ന് എലീമാസിനെ വിളിക്കുവാൻ പൗലോസ് യാതൊരു മടിയും കാണിച്ചില്ല. അവിടം കൊണ്ടും പൗലോസ് നിർത്തിയില്ല. സകല കപടവും ധൂർത്തും നിറഞ്ഞവനെ എന്നും നേർവ്വഴികളെ മറിച്ചു കളയുന്നവനേ എന്നും പൗലോസ് തുടർന്നു എലിമാസിനെ വിശേഷിപ്പിക്കുന്നു.

ഹാഗിൻ, ബെന്നീഹീൻ, ഹേയ്സ് മുതലായ വിശ്വാസ പ്രസ്ഥാനക്കാരുടെ ദർശനങ്ങൾ അവരുടെ തന്നെ മനസ്സിന്റെ അബദ്ധധാരണകൾ ആണെന്നും അവ ദൈവീക സത്യങ്ങളെ ഉൾക്കൊള്ളുന്നവ അല്ല എന്നും ഉള്ളതിന് സംശയമില്ല.

വിശ്വാസ പ്രസ്ഥാനത്തെക്കുറിച്ചുള്ള എന്റെ ഗവേഷണത്തിൽ വെളിപ്പെട്ടു വന്ന ഭയാനകമായ ഒരു സത്യം ദൈവത്തിൽ നിന്ന് വെളിപ്പാടുകൾ ലഭിച്ചു എന്ന് അവർ പറയുമ്പോൾ വാസ്തവത്തിൽ ഒരുവനിൽ നിന്നു കേട്ട കഥ മറ്റൊരുവൻ അവർത്തിക്കുകമാത്രമാണ് ചെയ്യുന്നത് എന്നതാണ്.

കോപ്ലാന്റിന്റെ ഭാഷ്യം അനുസരിച്ച് വിശ്വാസത്തിന്റെ വാക്കുകൾ അദ്ദേഹം അതി വിശുദ്ധമെന്നു വിശേഷിപ്പിക്കുന്നതിനുള്ളിൽ തുളച്ചുകയറി ആ വാക്കുകൾ പ്രതിനിധാനം ചെയ്യുന്ന വസ്തുക്കളെ സ്പർശ്യാവസ്ഥയിൽ ആക്കിതീർക്കുന്നു. അതിനു ചെയ്യേത് ഇത്രമാത്രം. (1) വസ്തുമയമോ സാമ്പത്തികമോ ആയ നിങ്ങളുടെ ആവശ്യങ്ങളെ ഭാവനയിൽ കാണുക (2) തിരുവചനം ഉദ്ധരിച്ച് അവകാശം ഉന്നയിക്കുക (3) വാക്കുകളിലൂടെ വിളിച്ചു വരുത്തുക.

നിങ്ങൾക്ക് ഒരു ഉല്ലാസ നൗക വേണം എന്നിരിക്കട്ടെ. കോപ്ലാന്റിന്റെ ദൈവശാസ്ത്രം അനുസരിച്ച് ആദ്യമായി ആഗ്രഹം അനുസരിച്ചുള്ള ഒരു നൗക ഭാവനയിൽ കാണണം. അതിനു ശേഷം ദൈവ വചനത്തിന്റെ പിൻബലത്തോടെ അത് അവകാശപ്പെടണം. അവസാനമായി അതു ലഭിച്ചു എന്ന് വിശ്വാസത്തിന്റെ വാക്കുകൾ ഉരുവിടണം. ഓരോ വിശ്വാസിയിലും കുടികൊള്ളുന്ന നിത്യവും സജീവുമായ വസ്തു എന്നു കോപ്ലാന്റ് വിശേഷിപ്പിക്കുന്ന പ്രത്യാശയുടെ ചിറകുകളിന്മേൽ വഹിക്കപ്പെടുന്ന വിശ്വാസത്തിന്റെ വാക്കുകൾ സ്വർഗ്ഗത്തിൽ അതി വിശുദ്ധസ്ഥലത്തുള്ള മറയെ തുളച്ചു കയറുകയും അതിവിശുദ്ധ സ്ഥലത്ത് പറന്നുനിൽക്കുകയും ചെയ്യുന്നു. ക്രമേണ ആ വാക്കുകൾ അവ പ്രതിനിധാനം ചെയ്യുന്ന വസ്തുക്കളായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

സുഹൃത്തുക്കളേ, ഇതു പുതുയുഗ (New Age Movement) പ്രസ്ഥാനത്തിന്റെ സൃഷ്ടിപരമായ ദൃശ്യവത്ക്കരണം (Creative vizualisation) എന്ന തന്ത്രം അല്ലാതെ മറ്റൊന്നുമല്ല. മറ്റ് രണ്ട് ഉദാഹരണങ്ങളും ഈ വിശകലനത്തെ ഉറപ്പിക്കുന്നു. ഒന്നാമതായി ഒരു ബൈബിളിന്റെ ചിത്രം തന്നിൽ നിന്നു പുറപ്പെട്ട് അതി വിശുദ്ധ സ്ഥലത്തിനുള്ളിലേക്കു പ്രവേശിച്ചു എന്നും അവിടെ നിന്ന് അത് ഒരു യഥാർത്ഥ വസ്തുവായി രൂപാന്തരപ്പെട്ടു എന്നും വിശദീകരിക്കുന്നു. രണ്ടാമതായി ശാരീരിക വൈകല്യത്തിന്റെ കാര്യത്തിലും ഇതേ തത്വം പ്രായോഗികമാക്കുന്നതിനെക്കുറിച്ച് കോപ്ലാന്റ് വിശദീകരിക്കുന്നു.

ദൈവ വചനം ധ്യാനിച്ചു കൊണ്ട് നിങ്ങളുടെ കാലുകൾ മുടന്ത് ഉള്ളവയല്ല എന്നും കണ്ണുകൾ കാഴ്ച ഇല്ലാത്തവയല്ല എന്നും ഉള്ള ഒരു ഭാവന നിങ്ങളുടെ ഉള്ളിൽ രൂപപ്പെടുത്തുമ്പോളല്ല, കണ്ണുകൾ അടച്ച് വീൽ ചെയറിൽ നിന്നും നിങ്ങൾ ചാടി എഴുന്നേൽക്കുന്നതായി സ്വയം കാണുമ്പോൾ മാത്രമാണ് അതി വിശുദ്ധ സ്ഥലത്ത് ആ ചിത്രം പതിയുകയും നിങ്ങൾ വീൽ ചെയറിൽ നിന്ന് പുറത്തു വരികയും ചെയ്യുക. ആത്മലോക സംബന്ധമായ ഗൂഢ വിദ്യക്കാരുടെ മൂന്നു പ്രധാന വിശ്വാസങ്ങളുമായി കോപ്ലാന്റിന്റെ സൂത്രവാക്യത്തിന് അടുത്ത സാമ്യമുണ്ട് എന്ന വസ്തുത പ്രത്യേക പരിഗണന അർഹിക്കുന്നു.

ഒന്നാമതായി വ്യക്തികളുടെ ഭാവി നിർണ്ണയിക്കുവാൻ ഉള്ള അധികാരം അവരിൽ തന്നെ സ്ഥിതി ചെയ്യുന്നു എന്നാണ് അവർ പഠിപ്പിക്കുന്നത്. തങ്ങൾക്കു ചുറ്റുമുള്ള ലോകത്തെ സൃഷ്ടിക്കുന്നതിനോ രൂപപ്പെടുത്തുന്നതിനോ മാറ്റം വരുത്തുന്നതിനോ ഉള്ള സ്വയാർജ്ജിത കഴിവ് വ്യക്തികൾക്കുണ്ട് എന്നാണ് ഗൂഡ വിദ്യക്കാർ അവകാശപ്പെടുന്നത്. രണ്ടാമതായി നേരിട്ടോ അത്ഭുതകരമായ രീതിയിലോ തങ്ങൾ പാർക്കുന്ന ലോകത്തെ സ്വാധീനിക്കുവാൻ കഴിയുന്ന സൃഷ്ടിപരമായ ശക്തി വാക്കുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിക്കുന്നു. അവസാനമായി തങ്ങളുടെ സൃഷ്ടി പരമായ ഭാവനകളെ വാക്കുകളിലൂടെ യാഥാർത്ഥ്യം ആക്കിത്തീർക്കുവാൻ കഴിയും എന്നും അവർ വിശ്വസിക്കുന്നു. അതീന്ദ്രിയ ധ്യാനത്തിൽ അവർ പ്രാപിക്കുന്ന ദർശനം എന്നോ മെറ്റാ ഫിസിക്കൽ ആചാരം എന്നോ തോന്നിയേക്കാം എന്ന കോപ്ലാന്റിന്റെ പ്രസ്താവനയിൽ നിന്ന് അങ്ങനെയുള്ള കാര്യങ്ങളാണ് താൻ പ്രചരിപ്പിക്കുന്നത് എന്ന് കോപ്ലാന്റ് ബോധവാനാണ് എന്നു കാണാം. എന്നാൽ അത് അങ്ങനെയല്ല എന്നു സ്ഥാപിക്കുവാൻ ഉടൻതന്നെ കോപ്ലാന്റ് ശ്രമിക്കുന്നതായി തുടർന്നുള്ള വാക്കുകളിൽ നിന്നു മനസ്സിലാക്കാം. "അവർ ചെയ്യുന്നത് ഇതിനോട് സമമെന്ന് തോന്നിയേക്കാം. പിശാച് വഞ്ചകനാണ്. ഒരിക്കലും അവൻ യഥാർത്ഥമായ ഒന്നും ചെയ്യാറില്ല. അവൻ ചെയ്യുന്നത് യഥാർത്ഥ വസ്തുതയുടെ വികലമാകപ്പെട്ട രൂപമാണ്. എവിടെ നിന്ന് അവന് അതു ലഭിച്ചു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. ആ വഞ്ചകന് സ്വയമായി ഒന്നും അറിയില്ല. ആമേൻ".

ക്രിയാത്മക പ്രസ്താവനയും (Positive confession) സൃഷ്ടോന്മുഖമായ ദർശനീകരണവും (Creative vizualisation) ഒരേ തത്വത്തിൽ അധിഷ്ഠിതമാണെന്ന് കോപ്ലാന്റ് മറ്റൊരവസരത്തിൽ ലളിതമായി പറയുന്നു. "വാക്കുകൾ ചിത്രങ്ങളെ രൂപപ്പെടുത്തുന്നു. നിങ്ങളുടെ മനസ്സിലെ ചിത്രങ്ങൾ വാക്കുകളെ ഉരുവാക്കുന്നു....... അതിനു ശേഷം വാക്കുകൾ നിങ്ങളുടെ വായിൽ നിന്ന് പുറത്തു വരുന്നു..... വാക്കുകളിലൂടെ ആത്മീയ ശക്തി പുറത്തു വരുമ്പോൾ നിങ്ങളുടെ ഉള്ളിലുള്ള ചിത്രത്തെ വസ്തു ആക്കി മാറ്റുന്നു. അതാണ് ദർശനം എന്നത്. അതാണോ ന്യൂ ഏജ്? അല്ല. ന്യൂ ഏജ് അതു ചെയ്യുവാൻ ശ്രമിക്കുകയാണ്; ഒരു പരിധിവരെ അതിൽ അവർ വിജയിക്കുകയും ചെയ്യുന്നു. കാരണം ഇത് ഒരു ആത്മീയ നിയമം ആണു സഹോദരാ" എന്നും അദ്ദേഹം പറയുന്നു.

**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:

K.P.Varghese,

Bethel, Njalbhagam, Kaviyoor P.O.

Thiruvalla, Pattabamthitta - 689582

**Ph: 0469-2618764, Mob: 9446505463**

| RNI No. 68089 / 97 | THE DEFENDER | REGISTERED |
|---|---|---|
| 2007 March 1 | | KL/ALY/0031/2006-08 |

# വിധിക്കുക എന്നാൽ എന്ത്?

‘‘അന്യന്റെ ദാസനെ വിധിക്കാൻ നീ ആര്? അവൻ നിൽക്കുന്നതോ വീഴുന്നതോ അവന്റെ യജമാനനുവേണ്ടിയത്രേ.’’ ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ച ദിവസം മുതൽ കേൾക്കുന്ന ചോദ്യമാണിത്. ഈ ചോദ്യത്തിന് പലവട്ടം മറുപടി പറഞ്ഞുകഴിഞ്ഞതാണ്. എങ്കിലും വീണ്ടും പറയട്ടെ.

മറ്റൊരുത്തന്റെ ദാസൻ നിൽക്കുന്നതോ വീഴുന്നതോ അവന്റെ യജമാനനുവേണ്ടിയത്രേ. പക്ഷേ അവൻ നിങ്ങളെ തല്ലാൻ വന്നാൽ എന്തുചെയ്യും? അതല്ലെങ്കിൽ നിങ്ങളുടെ വീട്ടിൽ കയറി മോഷ്ടിച്ചാൽ നിങ്ങൾ എന്തുചെയ്യും? മറ്റൊരുത്തന്റെ ദാസനാണ് എന്ന ഒറ്റ കാരണത്താൽ അവന്റെ ദുഷ്ചെയ്തികൾ നിങ്ങൾ സഹിക്കുമോ? ആത്മീയ രംഗത്തും ഇതുതന്നെയാണ് സംഭവിക്കുന്നത്.

ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. കെ.സി. ജോൺ വ്യഭിചാരിയും തട്ടിപ്പുകാരനുമാണ്. അയാൾ സ്വന്തം വീട്ടിലിരുന്ന് വ്യഭിചരിച്ചാൽ ഡിഫെൻഡർ പ്രതികരിക്കുകയില്ല. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റെന്ന നിലയിൽ ഇയാൾ ലോകമെമ്പാടും ബഹുമാനിക്കപ്പെടുന്നു. ഈ മറ ഉപയോഗിച്ച് ഇയാൾ തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുന്നു. അങ്ങനെ നിരവധി ദൈവമക്കൾ പാപത്തിൽ വീഴാൻ ഇടയാകുന്നു. ദൈവദാസനെന്ന പേരിൽ ലഭിക്കുന്ന ബഹുമാനം ഉപയോഗിച്ച് ഇയാൾ പണം തട്ടുന്നു. ഈ വിധത്തിൽ അയാൾ ദൈവമക്കളെ കൊള്ളയടിക്കുന്നു. അന്യന്റെ ദാസനാണ് എന്ന കാരണത്താൽ ഇതൊക്കെ അനുവദിച്ചുകൊടുക്കാനാവില്ല.

സുരേഷ് ബാബു അന്യന്റെ ദാസനാണെന്നത് ശരിതന്നെ. പക്ഷേ ദൈവദാസനായാണ് ഇയാൾ അറിയപ്പെടുന്നത്. ഈ വിധത്തിൽ ലഭിക്കുന്ന ബഹുമാനം ദുരുപയോഗം ചെയ്താണ് ഇയാൾ തട്ടിപ്പും വ്യഭിചാരവും ഒക്കെ നടത്തുന്നത്. അനേകം ദൈവമക്കൾ ഈ വിധത്തിൽ ചതിക്കപ്പെട്ടിട്ടുണ്ട്. ഇത് അനുവദിച്ചുകൊടുക്കാൻ ഡിഫെൻഡർ തയ്യാറല്ല.

കെ.സി.ജോണും സുരേഷ് ബാബുവും ഒക്കെ പാപം ചെയ്യുന്നുണ്ടെങ്കിൽ അവരോട് ദൈവം ചോദിക്കട്ടെ, ഡിഫെൻഡർ ഇടപെടുന്നതെന്തിന്? ഇതാണ് പലരും ചോദിക്കുന്നത്. കൊരിന്തിലുള്ള ഒരുത്തൻ അപ്പന്റെ ഭാര്യയെ വെച്ചുകൊണ്ടിരുന്നു. അവനോട് ദൈവം ചോദിക്കട്ടെ എന്നല്ല പൗലോസ് പറഞ്ഞത്. പത്രോസ് ജാതികളോടുകൂടി ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചപ്പോൾ അന്യന്റെ ദാസനെ വിധിക്കരുതെന്നും പത്രോസിനോട് ദൈവം ചോദിക്കട്ടെ എന്നും പൗലോസ് പറഞ്ഞില്ല. പരസ്യമായി അവനോട് എതിർത്തു.

ഹെരോദാവ് സഹോദരന്റെ ഭാര്യയെ തട്ടിയെടുത്തതുകൊണ്ട് യോഹന്നാൻ സ്നാപകന് വിശേഷിച്ച് ദോഷമൊന്നും ഉണ്ടാകാനില്ല. പക്ഷേ ആ തിൻമ കണ്ട് മിണ്ടാതിരിക്കാൻ യോഹന്നാന് കഴിഞ്ഞില്ല. പരീശൻമാരും ശാസ്ത്രിമാരും അവർക്ക് തോന്നിയതുപോലെ ജീവിക്കട്ടെ എന്നു പറയാൻ കർത്താവിനും കഴിഞ്ഞില്ല. ദൈവാത്മാവ് ഉള്ളിലുള്ളവർ തിൻമയ്ക്കെതിരെ പ്രതികരിക്കും.

ഇങ്ങനെയൊക്കെ എഴുതിയാൽ ദൈവനാമം ദുഷിക്കില്ലേ എന്നാണ് ചിലർക്ക് അറിയേണ്ടത്. കെ.സി.ജോൺ കള്ളനാണ് എന്ന് പറയുമ്പോൾ ദൈവനാമം ദുഷിക്കുമെങ്കിൽ കെ.സി.ജോണാണ് ദൈവം എന്നു പറയേണ്ടതായി വരും. സുരേഷ് ബാബു വ്യഭിചാരിയും തട്ടിപ്പുകാരനുമാണ് എന്നു പറയുമ്പോൾ ദൈവനാമം എങ്ങനെയാണപ്പാ ദുഷിക്കുക? സുരേഷ് ദൈവത്തിന്റെ അളിയനാണോ? കെ.സി.ജോൺ കള്ളനാണെന്ന് ഡിഫെൻഡർ എഴുതുമ്പോൾ കെ.സി.ജോണിന്റെ നാമമാണ് ദുഷിക്കുന്നത്, ദൈവത്തിന്റെ നാമമല്ല. അതുപോലെ സുരേഷ് വ്യഭിചാരിയാണെന്ന് പറയുമ്പോൾ സുരേഷിന്റെ നാമമാണ് ദുഷിക്കുന്നത്.

കെ.സി.ജോണിനേയും സുരേഷ് ബാബുവിനേയും മറ്റും ജനം ദൈവദാസൻമാരായി കണക്കാക്കുന്നതുകൊണ്ട് ദൈവനാമം ദുഷിക്കും എന്നാണ് ചിലരുടെ നിലപാട്. ഈ കള്ളൻമാരെ ദൈവദാസൻമാരായി അവതരിപ്പിച്ചവരാണ് ഈ വിഷയത്തിൽ തെറ്റു ചെയ്യുന്നത്, ഡിഫെൻഡറല്ല. ദൈവവുമായി ഒരു ബന്ധവുമില്ലാത്തവരെ എന്തിന് ദൈവദാസൻമാരായി അവതരിപ്പിച്ചു എന്ന് ഇവർ വിശദീകരിക്കട്ടെ.

ഡിഫെൻഡർ ഇങ്ങനെയൊക്കെ എഴുതുന്നതുകൊണ്ട് സുവിശേഷം പറയാൻ കഴിയുന്നില്ല എന്ന് ആരോപിക്കുന്നവരുമുണ്ട്. കെ.സി.ജോൺ കള്ളനാണെന്നും സുരേഷ് തട്ടിപ്പുകാരനാണെന്നും ഒക്കെ പറയുമ്പോൾ സുവിശേഷത്തിന് തടസ്സമുണ്ടാകുന്നതെങ്ങനെ? സുവിശേഷത്തിൽ സുരേഷുണ്ടോ? കെ.സി.ജോണും ടി.എസ്.ഏബ്രഹാമും ഉണ്ടോ? ഉണ്ടെങ്കിൽ അത് മറ്റൊരു സുവിശേഷമാണ്. സത്യസുവിശേഷം പറയുന്നതിന് ഡിഫെൻഡർ തടസ്സമല്ല.

ദൈവത്തിനെതിരായോ ദൈവവചനത്തിനെതിരായോ ദൈവസഭയ്ക്കെതിരായോ ദൈവദാസൻമാർക്കെതിരായോ ഡിഫെൻഡർ നാളിതുവരെ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല, പറയുകയുമില്ല. വ്യാജ ദാവങ്ങൾക്കെതിരേയും കള്ളപ്രവചനങ്ങൾക്കെതിരേയും മനുഷ്യനിർമ്മിതമായ വ്യാജ സഭകൾക്കെതിരേയും ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന വ്യാജൻമാർക്കെതിരേയും ഡിഫെൻഡർ എഴുതിയിട്ടുണ്ട്, ഇനിയും എഴുതുകയും ചെയ്യും. അതുകൊണ്ട് സാത്താനൊഴികെ ആർക്കും ദോഷം ഉണ്ടാകുകയുമില്ല.

## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.
ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം: 100 മണിക്കൂർ.
വില: (ഇന്ത്യയിൽ) ഒരു സി.ഡി. - 100 രൂപ. 10 സി.ഡികൾ: 900 രൂപ.
വിദേശത്ത്: 10 സി.ഡികൾ - US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം.
(ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).
DVD ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഇപ്പോൾ DVD MP3 AUDIO ലഭിക്കുന്നു

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan